ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക
2025 ജൂലൈ 31 | ദീപം 58 | നാളം 21 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



# ഈ പണിമുടക്കിൽ ക്ഷേമം കൈവരിച്ചതാര്?



ഡിജോ കാപ്പൻ

തുല്യജോലിക്കു തുല്യവേതനം നടപ്പിലാക്കുക, പന്ത്രണ്ടു മണിക്കൂർവരെ ജോലി ചെയ്യിപ്പിക്കാം എന്ന നിർദേശം പിൻവലിക്കുക, പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റുതുലയ്ക്കാതിരിക്കുക, പുതിയ ലേബർ കോഡുകൾ പിൻവലിക്കുക, മിനിമം ശമ്പളം 26000 രൂപയായി വർധിപ്പിക്കുക, ജോലി ചെയ്യാനുള്ള അവകാശം മൗലികാവകാശമാക്കുക എന്ന തടക്കം 15 ഓളം ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ജൂലൈ 9 ന് സംയുക്ത ട്രേഡ് യൂണിയനുകൾ അഖിലേന്ത്യാ പണിമുടക്ക് നടത്തിയത്. ഇന്ത്യയിലെ 52 കോടി തൊഴിലാളികളിൽ 49 കോടിയും അസംഘടിതതൊഴിലാളികളാണെന്നും അവരുടെ ക്ഷേമത്തിനുവേണ്ടിയാണു പണിമുടക്കെന്നുമാണ് സംയുക്തട്രേഡു യൂണിയൻ നേതാക്കൾ അവകാശപ്പെട്ടത്.

തുല്യജോലിക്കു തുല്യവേതനമാണോ കേരളത്തിലെ സർക്കാർ–അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ലഭിക്കുന്നത്? 2018 ൽ ഇപ്പോഴത്തെ ഇടതുസർക്കാർ കെ.എസ്.ആർ.ടി.സി.യിൽ തുടങ്ങിയ പുതിയ കമ്പനിയാണ് 'സ്വിഫ്റ്റ്.' ഈ കമ്പനിയിലെ 1798 ജീവനക്കാർക്ക് ഒരു ഡ്യൂട്ടിക്കു ലഭിക്കുന്ന തുക 715 രൂപ. ഇതേ ജോലിക്ക് കെഎസ്ആർടിസിയിൽ പി.എസ്.സി. വഴി നിയമിതരാകുന്ന ജോലിക്കാർക്ക് ആദ്യവർഷം ലഭിക്കുന്നത് 1045 രൂപ. പിന്നീട് കാലാകാലങ്ങളിൽ ശമ്പളവർധന ഉണ്ടാകും. എന്നാൽ, 715 രൂപയ്ക്ക് കയറുന്നവർക്കു ശമ്പളവർധന ഒരു കാലത്തും ഇല്ല. 8 മണിക്കൂറിനുപകരം ഇവർ പന്ത്രണ്ടു മണിക്കൂർ ജോലിവരെ കാലങ്ങളായി ചെയ്തുവരുന്നു.

എറണാകുളം ബ്രോഡ്‌വെയിൽ സംസ്ഥാനടൂറിസം ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ഹോട്ടൽ, നയനാർ മന്ത്രിസഭയുടെ കാലത്താണ് ടാജ് ഹോട്ടൽ ഗ്രൂപ്പിനു വിറ്റത്. എന്നിട്ട്, കേന്ദ്രഗവൺമെന്റിനോടു പൊതുമേഖല വിറ്റുതുലയ്ക്കരുതെന്ന് ആവശ്യപ്പെടുന്നു.

രണ്ടാം പിണറായി സർക്കാരിന്റെ പ്രോഗ്രസ്സ് റിപ്പോർട്ടിന്റെ 215–ാം പേജിൽ കേരള ഖജനാവിൽനിന്ന് കെഎസ്ആർടിസിയെ സഹായിച്ചതിന്റെ കണക്ക് രേഖപ്പെടുത്തിയിട്ടുണ്ട്. 2016–21 കാലയളവിലെ ശമ്പളം, പെൻഷൻ തുടങ്ങിയ പ്രവർത്തനച്ചെലവുകൾക്കായി 4923.58 കോടി അനുവദിച്ചതായും 2021–25 വരെ 7037.31 കോടി അനുവദിച്ചതായും പറയുന്നു. ഇതിനുപുറമേ 2016–21 കാലയളവിൽ പദ്ധതിവിഹിതമായി 48.95 കോടിയും 2021 – 25 വരെ 197.49 കോടിയും അനുവദിച്ചതായും പറയുന്നു. 2008 – 09 മുതൽ 2013 –14 വരെ കെഎസ്ആർടിസി സർക്കാരിലേക്കു തിരിച്ചടയ്ക്കേണ്ട 1090,75,978333 രൂപയുടെ വായ്പാകുടിശ്ശിക സർക്കാർ ഓഹരിയാക്കി മാറ്റി പലിശയും പിഴപ്പലിശയും ഉൾപ്പെടെ തുക എഴുതിത്തള്ളാനും തീരുമാനിച്ചു. ഇങ്ങനെ നികുതിപ്പണം കൊടുത്തു നിലനിറുത്തുന്ന സ്ഥാപനത്തിലെ ജീവനക്കാർ പണിമുടക്കില്ലെന്ന മന്ത്രി ഗണേഷ്കുമാറിന്റെ ചിന്ത ട്രേഡു യൂണിയൻ നേതാക്കൾ തെറ്റിക്കുന്നതും കേരളം കണ്ടു. നാലായിരത്തോളം സർവീസ് നടത്തുന്ന കോർപ്പറേഷന്റെ ഒരു ബസ്സിന് വർഷംതോറും 30 ലക്ഷത്തോളം രൂപയാണ് ഖജനാവിൽനിന്നു ചെലവഴിക്കുന്നത്.

> തൊഴിൽ ദാതാവിൽനിന്നല്ല; മറിച്ച് തൊഴിലാളി യൂണിയനു നേതൃത്വം നൽകുന്നതിന്റെ പേരിൽ പണിയെടുക്കാതെ ജീവിക്കുന്ന നേതാക്കളിൽനിന്നാണ് തൊഴിലാളികൾ ചൂഷണം നേരിടുന്നതെന്ന കാര്യമാണ് ഓരോ പണിമുടക്കു കാലത്തും വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്.

സംഘടിതരായ ന്യൂനപക്ഷം അസംഘടിതരായവരുടെ അവകാശങ്ങളെ ഭരണകൂടത്തിന്റെ അനുമതിയോടെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതാണ് ഇത്തരം പണിമുടക്കുകളുടെ യഥാർത്ഥ അനുഭവം. ഇന്ത്യയിലെ ജനങ്ങൾക്കിടയിലെ അസമത്വം വർദ്ധിക്കുന്നതിനെതിരെയുള്ള പോരാട്ടമാണ് തങ്ങൾ നടത്തുന്നതെന്നാണ് യൂണിയനുകളുടെ അവകാശം. ഈ അസമത്വം എങ്ങനെയാണെന്നു നടപ്പായിക്കൊണ്ടിരിക്കുന്നതെന്നുകൂടി ഇത്തരം സന്ദർഭങ്ങളിൽ പരിശോധിക്കേണ്ടതുണ്ട്. മൂവാറ്റുപുഴയിൽ നടന്ന കർഷകമഹാസംഗമം ഇക്കാര്യത്തിൽ വിശദമായ ചർച്ച നടത്തുകയും സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് പുറത്തിറക്കുകയുമുണ്ടായി. 1968 മുതൽ 2023 വരെ കേരളത്തിലെ സംഘടിതരുടെ വരുമാനം 435 ഇരട്ടി വർദ്ധിച്ചപ്പോൾ ഇതേ കാലയളവിൽ നെൽകർഷകന്റെ വരുമാനം 19 ഇരട്ടിയും നാളികേര കർഷകന്റെ വരുമാനം 28 ഇരട്ടിയും റബർകർഷകന്റെ വരുമാനം 30 ഇരട്ടിയും മാത്രമാണ് വർധിച്ചത്. അപ്പോൾ അസമത്വം ഏതു സമൂഹത്തിലാണ് കൂടുതലായി പ്രതിഫലിക്കുന്നതെന്നു മനസ്സിലാക്കാൻ ഇത്തരം സമരങ്ങൾ ഇടയാക്കും. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ 1,25,000 ത്തോളം കർഷകരും കർഷകത്തൊഴിലാളികളും ഇന്ത്യയിൽ ആത്മഹത്യ ചെയ്തതായാണ് കണക്കാക്കുന്നത്. ജിഡിപിയിൽ (ആഭ്യന്തര ഉത്പാദനത്തിൽ) ഇന്ത്യയിൽ ഒന്നാംസ്ഥാനത്തുള്ള മഹാരാഷ്ട്രയിലാണ് ഏറ്റവും കൂടുതൽ കർഷക ആത്മഹത്യ ഉണ്ടാകുന്നതെന്ന വസ്തുത എന്തു സന്ദേശമാണ് നൽകുന്നതെന്ന് സംയുക്ത ട്രേഡ് യൂണിയൻ നേതാക്കൾ ഗൗരവമായി പരിശോധിക്കണം.

സമരദിനത്തിൽ സർക്കാർ ഓഫീസുകളിലും സ്കൂളിലും മാർക്കറ്റുകളിലും ജോലി ചെയ്യാൻ സന്നദ്ധരായവരെ സമരക്കാർ തടഞ്ഞു. ഭരണസിരാകേന്ദ്രമായ കേരള സെക്രട്ടേറിയറ്റിലെ 4271 ജീവനക്കാരിൽ 600 പേർ ജോലിക്കെത്തിയപ്പോൾ തമിഴ്നാട്ടിലെ സെക്രട്ടറിയേറ്റിലെ 5620 ജീവനക്കാരിൽ 4237 പേരും ജോലി ചെയ്തു. അവിടെയും ബിജെപി സർക്കാരിന്റെ നയങ്ങളെ എതിർക്കുന്ന ഡി.എം.കെയാണ് ഭരണം നടത്തുന്നത്.

► 14

# ഇസ്രയേൽ ഒരു ചരിത്രവിസ്മയം



1

ഡോ. കുര്യാസ്
കുമ്പളക്കുഴി



"പീലാത്തോസ് വെള്ളമെടുത്തു ജനങ്ങളുടെ മുമ്പിൽവച്ചു കൈകഴുകിക്കൊണ്ടു പറഞ്ഞു: ഈ നീതിമാന്റെ രക്തത്തിൽ എനിക്കുപങ്കില്ല. അതു നിങ്ങളുടെ കാര്യമാണ്." അപ്പോൾ ജനം മുഴുവൻ മറുപടി പറഞ്ഞു: "അവന്റെ രക്തം ഞങ്ങളുടെ മേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ."

ഈ സംഭവവും യഹൂദരുടെ പില്ക്കാലചരിത്രവുമായി എന്തെങ്കിലും ബന്ധമുണ്ടോ? ഉണ്ടെന്നാണു പാരമ്പര്യം പറയുന്നത്. അതിനുപോദ്ബലകമായി പില്ക്കാലത്തു ലോകമെമ്പാടും ചിതറിപ്പോയ യഹൂദജനതയുടെ ചരിത്രമാണു ചൂണ്ടിക്കാണിക്കപ്പെടുന്നത്.

ബി.സി. 66-63 കാലഘട്ടത്തിൽ റോമൻ ഏകാധിപതി പോംപെയാണു മധ്യപൂർവദേശങ്ങൾ കീഴടക്കി റോമിന്റെ ആധിപത്യത്തിൽ കൊണ്ടുവന്നത്. അക്കാലം മുതൽതന്നെ, ആർക്കും കീഴടങ്ങാൻ മനസ്സില്ലാത്ത യഹൂദജനത റോമിനെതിരേ നിരന്തരം കലാപം നടത്തിക്കൊണ്ടിരുന്നു. ഒളിപ്പോരായിരുന്നു അവരുടെ സമരമാർഗം. ഒട്ടനവധി റോമൻപടയാളികളുടെ രക്തം യൂദയായുടെ മണ്ണുകുതിർത്തിട്ടുണ്ട്. ഇക്കാരണത്താൽ യഹൂദരുടെ അധിവാസകേന്ദ്രമായ യൂദയാ എന്നും റോമൻ അധികാരികളുടെ തലവേദനയായിരുന്നു.

യേശുവിന്റെ കാലത്തും ഇതിനു മാറ്റമുണ്ടായിരുന്നില്ല. കലാപവും കലാപകാരികളെ പിടികൂടി തൂക്കിലിടലും മുറപോലെ നടന്നുകൊണ്ടിരുന്നു. അതിനിടയിലാണ് ഇത്തരം കാര്യങ്ങളുമായി ഒരുവിധത്തിലും ബന്ധമില്ലാത്ത യേശുവിന്റെ ബന്ധനവും തുടർന്നുള്ള കുരിശാരോഹണവും.

യഹൂദരുടെ പരമാധികാരസമിതിയായ സെൻഹെദ്രിൻ സംഘത്തിന് കുറ്റാരോപിതരെ ബന്ധിക്കുകയും പീഡിപ്പിക്കുകയുമൊക്കെ ചെയ്യാൻ അധികാരമുണ്ടായിരുന്നെങ്കിലും ഒരാളെ വധശിക്ഷയ്ക്കു വിധിക്കാൻ അധികാരമില്ലായിരുന്നു. അങ്ങനെയാണ് യേശു പീലാത്തോസിന്റെ മുമ്പിൽ ഹാജരാക്കപ്പെട്ടത്. റോമൻ ഗവർണർ എന്ന നിലയിൽ അദ്ദേഹമായിരുന്നു അന്തിമാധികാരി. റോമൻ പൗരനായ പീലാത്തോസിന്, യഹൂദർ യേശുവിന്റെ മേൽ ആരോപിച്ച ദൈവദൂഷണക്കുറ്റം എന്തെന്നു മനസ്സിലായില്ല. റോമിനെതിരെയുള്ള കലാപത്തിൽ പങ്കെടുത്തിട്ടുണ്ടോ എന്നു മാത്രമേ അദ്ദേഹത്തിനറിയേണ്ടതുണ്ടായിരുന്നുള്ളൂ. അങ്ങനെയൊരു ആരോപണം യേശുവിനെപ്പറ്റി ഉണ്ടായിരുന്നില്ല. അതുകൊണ്ടു നിരപരാധിയായ ഒരാളെ വധശിക്ഷയ്ക്കു വിധിക്കാൻ പീലാത്തോസിനു മനസ്സു വന്നില്ല. പക്ഷേ, അവിടെ വന്നുകൂടിയിരിക്കുന്ന യഹൂദപ്പരിഷയ്ക്കു വധശിക്ഷയിൽ കുറഞ്ഞൊന്നും സമ്മതമായിരുന്നില്ല.

നിരപരാധിയുടെ രക്തം ചിന്തുന്നതും ജീവനെടുക്കുന്നതും ദൈവത്തിന്റെ പ്രതികാരം ക്ഷണിച്ചുവരുത്തുന്ന കടുത്ത അപരാധമാണെന്നു പീലാത്തോസു ഭയപ്പെട്ടിരുന്നുവോ? പേഗൻ വിശ്വാസിയായ പീലാത്തോസിന് അത്തരമൊരു ഭയമുണ്ടാകാൻ ഇടയില്ല. എങ്കിലും, യേശുവിനെ വധശിക്ഷയ്ക്കു വിധിക്കുന്നതു നീതിക്കുന്ന നിരക്കുന്ന നടപടിയാവില്ലെന്നദ്ദേഹത്തിനു ബോധ്യമുണ്ടായിരുന്നു. എന്നല്ല, 'ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്' എന്ന ഭാര്യയുടെ മുന്നറിയിപ്പും ഉണ്ടായിരുന്നല്ലോ. പിന്നെയൊരു പോംവഴിയേയുള്ളൂ. ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞുമാറുക. അങ്ങനെയാണ് ആ കൈകഴുകൽ ഉണ്ടായത്.



പക്ഷേ, പ്രതികാരാന്ധ്യം ബാധിച്ച ജനത്തിന് ഒരു കൂസലുമുണ്ടായില്ല. അവർ ആർത്തുവിളിച്ചു: അവന്റെ രക്തം ഞങ്ങളുടെമേലും ഞങ്ങളുടെ സന്തതികളുടെമേലും ആയിക്കൊള്ളട്ടെ."

പിന്നെന്തുണ്ടായി? അതു ചരിത്രം പറഞ്ഞുതരുന്നുണ്ട്. യേശുവിന്റെ മരണവും ഉത്ഥാനവും കഴിഞ്ഞ് രണ്ടോ മൂന്നോ ദശകത്തിനുള്ളിൽ അതു സംഭവിച്ചു. എ.ഡി. 70ൽ റോമൻ സൈന്യാധിപൻ ടൈറ്റസിന്റെ നേതൃത്വത്തിൽ അമ്പതിനായിരത്തിലധികം വരുന്ന റോമൻ സൈന്യം ജറുസലെമിലെത്തി. പിന്നീടു നടന്നതു ചരിത്രത്തിലെ സമാനതകളില്ലാത്ത കൂട്ടക്കൊലയാണ്. സീലട്ടുകളെന്നറിയപ്പെട്ട ഒരു വലിയ വിഭാഗം വിപ്ലവകാരികൾ ജറുസലെം ദേവാലയത്തിലും പരിസരത്തുമായി തമ്പടിച്ചിരുന്നു. ആദ്യം നഗരകവാടങ്ങൾ ബന്ധിച്ച റോമൻ സൈന്യം ഭക്ഷണവും വെള്ളവും നിരോധിച്ച് അവരെ പട്ടിണിക്കിട്ടു. പിന്നെ കണ്ണിൽ കണ്ടവരെയെല്ലാം കൊന്നൊടുക്കി. ദേവാലയം കല്ലിന്മേൽ കല്ലുശേഷിക്കാതെ ഇടിച്ചുനിരത്തി. നഗരവും തകർത്തുകളഞ്ഞു. ഒരൊറ്റ യഹൂദനും ജറുസലേമിൽ പ്രവേശിക്കാൻ പാടില്ലെന്ന നിരോധനാജ്ഞയും പുറപ്പെടുവിച്ചു.

റോമൻസൈന്യത്തിന്റെ വാൾമുനയിൽനിന്നു രക്ഷപ്പെട്ട യഹൂദർ കൈയിൽ കൊള്ളുന്നതുമാത്രം വാരിയെടുത്തു ജീവനും കൊണ്ടോടി. ഓടിയത് അയൽരാജ്യങ്ങളിലേക്കു മാത്രമല്ല, ലോകത്തിന്റെ വിവിധഭാഗങ്ങളിലേക്കാണ്. അങ്ങനെ വീടും നാടും നഷ്ടപ്പെട്ട യഹൂദർ മുഴുവൻ പ്രവാസികളായി, അഭയാർഥികളായി.

മേധാശക്തികൊണ്ടും കഠിനാധ്വാനസന്നദ്ധതകൊണ്ടും യഹൂദർ എന്നും ലോകജനതയ്ക്കു മുന്നിലാണ്. അതുകൊണ്ടാവാം, ചെന്നുചേർന്ന നാടുകളിലെല്ലാം അവർ വലിയ നേട്ടങ്ങളുണ്ടാക്കി. കാർഷിക, വ്യാപാരമേഖലകളിലെല്ലാം അവരെ അതിശയിക്കുന്നവർ ഒരിടത്തും ഉണ്ടായിരുന്നില്ല. പക്ഷേ, അതുതന്നെ അവർക്കു വിനയായി. എല്ലാവരും അവരെ ഭയപ്പെട്ടു. യഹൂദരുടെ വളർച്ച തങ്ങളുടെ രാജ്യത്തിനു നേട്ടമായി കാണുന്നതിനുപകരം ഭീഷണിയായി വ്യാഖ്യാനിക്കപ്പെട്ടു. അവരെ ശത്രുക്കളായി കണ്ടു ജനങ്ങളും അധികാരികളും അവർക്കെതിരേ തിരിഞ്ഞു.

പിന്നെയുണ്ടായതു ഭീകരമായ കൂട്ടക്കൊലകളാണ്. യഹൂദരുടെ രക്തംകൊണ്ടു യൂറോപ്യൻരാജ്യങ്ങളിലെ മണ്ണു ചുവന്നുപോയി എന്നു പറയാം. എവിടെ യഹൂദരുണ്ടോ അവിടെ പീഡനവുമുണ്ട്. എന്നൊരു സമവാക്യംതന്നെ രൂപംകൊണ്ടു. ഇതിന്റെ ഏറ്റവും ഭീകരമായ മുഖം ലോകംകണ്ടതു ലോകമഹായുദ്ധകാലത്താണ്. 1941 മുതൽ 45 വരെയുള്ള കാലം. യഹൂദരെ മുഖ്യശത്രുവായിക്കണ്ട ഹിറ്റ്ലർ നാസിപ്പടയുടെ സഹായത്തോടെ യഹൂദരെ ഭൂമുഖത്തുനിന്നുതന്നെ തുടച്ചുനീക്കാൻ തുനിഞ്ഞിറങ്ങി. ഹിറ്റ്ലറുടെ കൊലക്കത്തിക്കിരയായത് 60 ലക്ഷം യഹൂദരാണ്. ജർമ്മനിയിൽ മാത്രമല്ല, ഹിറ്റ്ലർ കീഴടക്കിയ രാജ്യങ്ങളിലെല്ലാം യഹൂദരുടെ കൂട്ടക്കൊല തുടർക്കഥയായി. ചരിത്രത്തിൽ ഈ ദുരന്തം 'ഹോളോകോസ്റ്റ്' എന്ന് അറിയപ്പെടുന്നു. ഇസ്രയേൽക്കാർ നീസാൻ മാസം 27 ഹോളോകോസ്റ്റ് സ്മരണദിനമായി ഇന്ന് ആചരിച്ചുവരുന്നു.

ഇതുകൊണ്ടും യഹൂദസമൂഹത്തെ തകർക്കാൻ കഴിഞ്ഞില്ല. അവരുടെ അസാധാരണമായ ഇച്ഛാശക്തിയും ധിഷണാപ്രഭാവവും പുതിയൊരുയിർത്തെഴുന്നേല്പിലേക്കവരെ നയിച്ചു. ആ ചരിത്രവിസ്മയത്തിന്റെ രാഷ്ട്രീയഭൂപടമാണ് ഇന്നത്തെ ഇസ്രയേൽരാഷ്ട്രം.

(തുടരും)

# മറക്കരുത് മലയാളി 2022 ജൂലൈ 26



ഡോ. തോമസ് മൂലയിൽ

2023 ഡിസംബർ 6 ന് ഒരു പത്രവാർത്ത വന്നു: ''എസ്.എസ്.എൽ.സി. പരീക്ഷയിൽ വാരിക്കോരി മാർക്കു നല്കുന്നതിനെ വിമർശിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസഡയറക്ടർ എസ്. ഷാനവാസ്. അക്ഷരങ്ങൾ കൂട്ടിവായിക്കാനറിയാത്ത, സ്വന്തം പേരുപോലും എഴുതാനറിയാത്ത കുട്ടികൾക്കുപോലും എസ്.എസ്.എൽ.സിക്ക് എ പ്ലസ് കിട്ടുന്നുണ്ട്.” വളരെ 'വൈറലാ'യ ഒരു വാർത്തയായിരുന്നു ഇത്. ചൂടുപിടിച്ച ചർച്ചകൾക്കും സംവാദങ്ങൾക്കും ഇതു വഴിതെളിച്ചു. എന്നാൽ, ഇക്കാര്യം പണ്ടേ തിരിച്ചറിഞ്ഞ ഞാൻ 2018 ൽ ഒരു അക്ഷരസമരത്തിനു തുടക്കംകുറിച്ചിരുന്നു.

1970കൾ മുതൽ കുട്ടികളും യുവജനങ്ങളുമായി നിരന്തരം ഇടപഴകുന്നതിനുള്ള അവസരം, തസ്തികാബന്ധിതമായ ഉത്തരവാദിത്വത്തിന്റെ ഭാഗമായി ഉണ്ടായിരുന്ന എനിക്ക് 1970 കളിലും 80 കളിലും 90 കളിലും ഇല്ലാതിരുന്ന ഒരു 'അക്ഷരക്ഷരം' (അക്ഷരനാശം) രണ്ടായിരാമാണ്ടിൽ ഉള്ളതായി അനുഭവപ്പെട്ടു.

കുട്ടികൾക്കു പ്രസംഗം, വായന, സംഗീതം, കലാരൂപങ്ങൾ മുതലായവയിൽ പരിശീലനം നല്കുന്നതിൽ ശ്രദ്ധിച്ചിരുന്ന ഞാൻ കുട്ടികളോട് അക്ഷരമെഴുതാൻ പറഞ്ഞപ്പോൾ വാലും തലയുമില്ലാതെ കുറെ അക്ഷരങ്ങൾ കുറിക്കുന്നതും 'ഭാരതം' 'പാരത'വും 'വിദ്യാർഥി' 'വിത്യാർഥി'യുമാകുന്നതും കണ്ടപ്പോൾ അസഹ്യമായിത്തോന്നി. കേട്ടെഴുത്തിൽ 'ടോണി' 'Toണി' യാകുന്നതും 'മേരി' 'മൂരി'യാകുന്നതുമൊക്കെ കാണാനിടവന്നു.

കാരണം തേടിച്ചെന്നപ്പോൾ കോളജധ്യാപകർ പള്ളിക്കൂടം വാധ്യാരെ പഴിചാരി തടിതപ്പി. ഒന്നാം ക്ലാസിലെ അധ്യാപകരോടു ചോദിച്ചപ്പോഴാണ് അക്ഷരമാല പാഠപുസ്തകത്തിലില്ലെന്നും അക്ഷരം പഠിപ്പിക്കുന്നതു ശിക്ഷാർഹമാണെന്നുപോലും മനസ്സിലാകുന്നത്. 'അമ്മമലയാളം അത്യാസന്നനിലയിൽ' എന്ന തലക്കെട്ടിൽ ഞാൻ ദീപികയിൽ ഒരു ലേഖനമെഴുതി. തുടർന്ന്, 'അടിത്തറയിളകിയ ശ്രേഷ്ഠഭാഷ', 'നിരക്ഷരസാക്ഷരകേരളം', 'മാർക്കുദാനം മഹാപാപം' എന്നിങ്ങനെയുള്ള ലേഖനങ്ങളെഴുതിയെങ്കിലും പ്രതികരണമൊന്നുമുണ്ടായില്ല. മുഖ്യധാരാപത്രങ്ങൾക്കൊക്കെ ലേഖനങ്ങൾ അയച്ചുകൊടുത്തെങ്കിലും എല്ലാം ചവറ്റുകൊട്ടയിൽ വീഴുകയാണുണ്ടായത്. എന്നാൽ, മംഗളം ദിനപ്പത്രത്തിന്റെ സീനിയർ എഡിറ്റർ ശ്രീ രാജു മാത്യു അനുകൂലമായ നിലപാടെടുക്കുകയും ലക്ഷ്യത്തിനുവേണ്ടി മംഗളം നിലകൊള്ളാമെന്ന് ഉറപ്പുനല്കുകയും ചെയ്തു. തുടർന്ന്, ലേഖനങ്ങളെഴുതുകയും എഴുതിക്കുകയും ചെയ്തുകൊണ്ടിരുന്നു. പിന്നീട്, കത്തുകളയയ്ക്കാനും നിവേദനങ്ങൾ സമർപ്പിക്കാനും തുടങ്ങി. എന്നിട്ടും, ഫലം നാസ്തി!

സമാന്തരമായി 'മാതൃഭാഷാപോഷകസന്നദ്ധസമിതി' എന്ന പേരിൽ ഒരു സമിതി രൂപീകരിക്കുകയും അക്ഷരബോധനപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുകയും ചെയ്തു. അക്ഷരമാല ചാർട്ട്, അക്ഷരക്കൂട്ട്, അക്ഷരക്കുടുക്ക മുതലായ പഠനസഹായികൾ പ്രസിദ്ധീകരിച്ചു വിതരണം ചെയ്യാനും തുടങ്ങി. കൂടാതെ, 'ശുദ്ധിത്രയം' എന്ന പേരിൽ യൂട്യൂബ് ചാനൽ തുടങ്ങി അക്ഷരബോധനം നടത്തിപ്പോന്നു.

കാര്യമായ പ്രയോജനമൊന്നും കാണാതെ വന്നപ്പോൾ സ്ഥലം എം.എൽ. എ. മാണി സി. കാപ്പൻവശം വിദ്യാഭ്യാസമന്ത്രിക്ക് ഒരു നിവേദനം നല്കി. അതിനനുകൂലമായ പ്രതികരണമുണ്ടായി. ഞാൻ സമർപ്പിച്ച നിവേദനം പൊതുവിദ്യാഭ്യാസസെക്രട്ടറിക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്നു കാണിച്ചുകൊണ്ട്, 20-9-2020 ൽ ബഹു. വിദ്യാഭ്യാസമന്ത്രിയുടെ ഓഫീസിൽനിന്നു രണ്ടുവാക്യത്തിലുള്ള (ഒരു അക്ഷരത്തെറ്റോടുകൂടിയ) അറിയിപ്പു ലഭിച്ചു.



*കാൽനൂറ്റാണ്ടായി കാണാമറയത്തായിരുന്ന അക്ഷരമാല പാഠപുസ്തകത്തിൽ പുനഃസ്ഥാപിച്ചത്, പൊതുവിദ്യാഭ്യാസമന്ത്രി ശ്രീ. വി. ശിവൻകുട്ടി പൊതുവേദിയിൽ പ്രദർശിപ്പിക്കുന്നു. റവ. ഡോ. തോമസ് മൂലയിൽ, പാലാ കോർപറേറ്റ് ഏജൻസി സെക്രട്ടറി റവ. ഫാ. ബെർക്കുമാൻസ് കുന്നുംപുറം, ജലവിഭവവകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്, മുനിസിപ്പൽ ചെയർമാൻ ശ്രീ. ആന്റോ ജോസ് പടിഞ്ഞാറേക്കര, പ്രിൻസിപ്പൽ ഡോ. സി. ബീനാമ്മ മാത്യു, വൈസ് പ്രിൻസിപ്പൽ ഡോ. റ്റി.സി. തങ്കച്ചൻ എന്നിവർ വേദിയിൽ.*

അങ്ങനെ, രണ്ടു വർഷം കഴിഞ്ഞപ്പോൾ, ആദ്യമായി ലഭിച്ച പ്രതികരണം!

ഇതിനിടെ, ആലപ്പുഴ കേന്ദ്രമായി പ്രവർത്തിക്കുന്ന 'റൈറ്റേഴ്സ് ഫോറം' പ്രസിഡന്റ് ഡോ. ജെ.കെ.എസ്. വീടൂരുമായി ബന്ധപ്പെട്ട് അവരുടെ പിന്തുണ നേടി. അവരും നിവേദനങ്ങൾ സമർപ്പിച്ചു. ഡോ. വീടൂർ നിർണായകമായ ഒരു നീക്കം നടത്തി. മുൻ ചീഫ് സെക്രട്ടറി ഡോ. ജോയ് വാഴയിലുമായി അദ്ദേഹം നേരിട്ടു ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ പിന്തുണ വലിയൊരു വഴിത്തിരിവായി.

അതിലും, നിർണായകമായത്, വി.ആർ. പി. എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഡോ. വി. ആർ. പ്രബോധചന്ദ്രൻസാറുമായി ബന്ധപ്പെടാൻ കഴിഞ്ഞുവെന്നതാണ്. മഹാപണ്ഡിതനാണെന്ന കേട്ടറിവേ എനിക്കുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ ടെലിഫോൺനമ്പർ സംഘടിപ്പിച്ചു. വലിയ ആളാകുമ്പോൾ, എന്തായിരിക്കും പ്രതികരണമെന്ന ശങ്കയുണ്ടായിരുന്നു. ഏതായാലും, രണ്ടും കല്പിച്ച് ഞാൻ നമ്പർ ഡയൽ ചെയ്തു. “ആരാ?” ഘനഗംഭീരമായ ശബ്ദം! ഞാൻ ഒന്നു പരുങ്ങി. എന്നിട്ടു പറഞ്ഞു: “ഞാൻ പാലായിൽനിന്നുള്ള ഒരു വൈദികനാണ്...'' “ഓ, നമസ്കാരം! എന്താ അച്ചോ?” ഒരു കൊടുങ്കാറ്റു ശമിച്ച പ്രതീതി!

ഞാൻ കാര്യം പറഞ്ഞു: “അക്ഷരമാല പാഠപുസ്തകങ്ങളിലൊന്നുമില്ല” “ആരുപറഞ്ഞു?” “ഒന്നുമുതൽ പത്തുവരെയുള്ള മലയാളപാഠാവലി മുഴുവൻ പരിശോധിച്ചശേഷമാണ് ഞാനിതു പറയുന്നത്.'' “ഓ, അങ്ങനെയാണോ?” നിമിഷനേരം കൊണ്ട് ഞങ്ങൾ സൗഹൃദത്തിലായി! സഹപ്രവർത്തകരായി! സമരത്തിന്റെ കടിഞ്ഞാൺ ഞാൻ അദ്ദേഹത്തിനു കൈമാറി. നിരന്തരം ഫോണിലൂടെ ആശയവിനിമയം നടത്തിപ്പോന്നു.

അപ്പോഴേക്കും തിരഞ്ഞെടുപ്പുവന്നു. പുതിയ മന്ത്രിസഭ നിലവിൽവന്നു. പണി മുഴുവൻ വെള്ളത്തിലാവുമല്ലോ എന്നു ചിന്തിച്ചുപോയി. എങ്കിലും നഷ്ടധൈര്യനാകാതെ മുമ്പോട്ടുനീങ്ങി. നിവേദനങ്ങളും എഴുത്തുകുത്തുകളും തുടർന്നുകൊണ്ടേയിരുന്നു. ഒരു നിവേദനം തയ്യാറാക്കി, ജലവിഭവവകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിൻ വഴി വിദ്യാഭ്യാസമന്ത്രി ശ്രീ വി. ശിവൻകുട്ടിക്കു നല്കാൻ തീരുമാനിച്ചു. ശ്രീ റോഷി അഗസ്റ്റിൻ നേരിട്ട് എന്റെയടുത്തുവന്ന് നിവേദനവും അനുബന്ധരേഖകളും കൈപ്പറ്റി എന്ന കാര്യം എടുത്തുപറയേണ്ടിയിരിക്കുന്നു. അതൊരു നിർണായകനീക്കമായി.

ഇതിനിടെ മനോരമയ്ക്കും ഞാനൊരു ലേഖനമെഴുതിയയച്ചു. എഡിറ്റോറിയൽ ഡയറക്ടർ ജോസ് പനച്ചിപ്പുറത്തെ നേരിട്ടു വിളിച്ചു കാര്യങ്ങൾ സംസാരിക്കുകയും ചെയ്തു. എന്റെ ലേഖനം പ്രസിദ്ധീകരിച്ചെന്നു മാത്രമല്ല, 'തരംഗങ്ങളിൽ' എന്ന പംക്തിയിലൂടെ പ്രതികരിക്കാനും തുടങ്ങി. അദ്ദേഹത്തിന്റെ പ്രതികരണങ്ങളിൽ നർമവും ഹാസ്യവും കലർന്നിരുന്നതിനാൽ നല്ല എരിവും പുളിയും ഉണ്ടായിരുന്നുതാനും.

പല വഴിയിലൂടെയുള്ള നീക്കങ്ങളുടെയും സമ്മർദങ്ങളുടെയും ഫലമായിട്ടായിരിക്കാം 5-8-2021 ൽ എസ്.സി.ഇ.ആർ.ടി.യിൽനിന്നു വിദ്യാഭ്യാസഡയറക്ടറുടെ ഒരു കത്തുകിട്ടി. അതിൽ പറയുന്നു: ''താങ്കൾ സമർപ്പിച്ച നിവേദനവും അതിനോടൊപ്പം നല്കിയ അനുബന്ധരേഖകളും പരിശോധിച്ചു. കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഇപ്പോൾ ആശയാവതരണരീതിയാണ് നിലനില്ക്കുന്നത്. നിരവധി ഭാഷാപണ്ഡിതരുടെയും വിദ്യാഭ്യാസമനഃശാസ്ത്രജ്ഞന്മാരുടെയും കണ്ടെത്തലുകളുടെ ഫലമായിട്ടാണ് അക്ഷരാവതരണരീതിക്കുപകരം ആശയാവതരണരീതി തുടരുന്നത്. ആയതിനാൽ അക്ഷരമാല നിലവിലെ പാഠപുസ്തകങ്ങളിലില്ല.” പ്രതീക്ഷയെല്ലാം പൊലിഞ്ഞുപോയി.

ഇതിനോടകം, ചീഫ് സെക്രട്ടറി നിർണായകമായ ചില നീക്കങ്ങൾ നടത്തിയിരുന്നു. അദ്ദേഹം ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുചെന്നു. ബഹു. മുഖ്യമന്ത്രിയുടെ സമ്മതത്തോടെ കുശാഗ്രബുദ്ധിയും നയതന്ത്രജ്ഞനുമായ അദ്ദേഹം 'ഭാഷാമാർഗനിർദേശകവിദഗ്ധസമിതി' എന്ന പേരിൽ ഒരു സമിതി രൂപീകരിച്ചു. ഭാഗ്യത്തിന്, അദ്ദേഹംതന്നെ അതിന്റെ അധ്യക്ഷനായി നിയമിതനായി. ബഹു. പ്രബോധചന്ദ്രൻസാറും എന്റെ സുഹൃത്തും സഹപ്രവർത്തകനുമായ ശ്രീ ചാക്കോ സി. പൊരിയത്തും സമിതിയിൽ അംഗങ്ങളുമായി. സമിതിയുടെ പ്രഥമസമ്മേളനത്തിൽത്തന്നെ അക്ഷരമാലവിഷയം ഉൾപ്പെടുത്തുകയും നിർദേശങ്ങളിൽ പ്രഥമസ്ഥാനത്ത് അക്ഷരമാല പാഠപുസ്തകത്തിൽ ചേർക്കണം എന്നു തീരുമാനിക്കുകയും ചെയ്തു.

മറ്റൊരു നിർണായകനീക്കം ഞാൻ നടത്തി. നിലവാരമുള്ള ചാനൽചർച്ചകളിൽ നിറസാന്നിധ്യമായ സാംസ്കാരികനായകൻ പ്രൊഫ. എം.എൻ. കാരശ്ശേരിയുമായി ബന്ധപ്പെടാൻ ആരോ എന്നോടു പറഞ്ഞു. ഫോൺനമ്പരും തന്നു. ഞാൻ രണ്ടും കല്പിച്ചു നമ്പർ കറക്കി. അദ്ദേഹം ഫോണെടുത്തു. ഞാൻ പാലായിൽനിന്നുള്ള ഒരു വൈദികനാണെന്നു പറഞ്ഞു പരിചയപ്പെടുത്തി കാര്യം പറഞ്ഞു. അക്ഷരമാല പാഠപുസ്തകത്തിലില്ലെന്നോ? അദ്ദേഹത്തിന്റെ സ്വരം ഉയർന്നു. അദ്ദേഹത്തിന്റെ അപ്പോഴത്തെ വികാരവിചാരങ്ങൾ അദ്ദേഹംതന്നെ രേഖപ്പെടുത്തിയിരിക്കുന്നു: “നേരു പറയാമല്ലോ. ഞെട്ടിച്ചുകളഞ്ഞ ഒരു ഫോൺവിളിയിലൂടെയാണു ഫാ. തോമസ് മൂലയിൽ എന്ന പേര് ഞാൻ ആദ്യം കേൾക്കുന്നത്. രണ്ടു പതിറ്റാണ്ടിലധികമായി മലയാളപാഠാവലിയിൽ മലയാളം അക്ഷരമാല ചേർക്കുന്നില്ലെന്ന വിവരം ഒരു വൈദികൻ പറഞ്ഞതുകൊണ്ടു മാത്രമാണു ഞാൻ ഒറ്റക്കേൾവിക്കു വിശ്വസിച്ചത്. ആ വിവരം എന്നെ വിറളി പിടിപ്പിച്ചു. എന്നെ അപമാനിച്ചു; എന്റെ ഉറക്കം കെടുത്തി. ഇത് മലയാളിയായ ഞാൻ, 34 കൊല്ലം മലയാളാധ്യപകനായ ഞാൻ, പൗരാവകാശ പ്രവർത്തകനായ ഞാൻ ഇതേവരെ അറിഞ്ഞിരുന്നില്ലല്ലോ? എന്നെ സമരരംഗത്തിറക്കിയത് മൂലയിലച്ചനാണ്.” ഈ സംഭാഷണം നടക്കുന്നത് 2021 ഒക്ടോബർ അവസാനമാണ്. 2021 നവംബർ ഒന്നാം തീയതി മാതൃഭൂമിയിൽ ഒരു ലേഖനം. 'കേരളത്തിലെ വിദ്യാഭ്യാസമന്ത്രി വായിച്ചറിയാൻ' എന്നായിരുന്നു തലക്കെട്ട്. അന്നുതന്നെ എന്നെ ഫോൺ വിളിച്ചിട്ട്, ഒരു ലേഖനം എഴുതി മാതൃഭൂമിക്കയച്ചുകൊടുക്കാൻ പറഞ്ഞു. കൂടാതെ, പ്രബോധചന്ദ്രൻസാറിനെക്കൊണ്ട് ലേഖനമെഴുതിക്കാനും പറഞ്ഞു. എന്റെ ലേഖനവും സാറിന്റെ ലേഖനവും മാതൃഭൂമിയിൽ വന്നു. കൂടാതെ, കാരശ്ശേരി മാഷ് പറഞ്ഞെഴുതിച്ച ലേഖനങ്ങളും വന്നു. 2021 നവംബർ എട്ടാം തീയതി നിയമസഭയിൽ പൊതുവിദ്യാഭ്യാസമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഒരു പ്രസ്താവന നടത്തി. അടുത്ത അധ്യയനവർഷംതന്നെ മലയാളപാഠാവലിയിൽ അക്ഷരമാല ചേർക്കുന്നതാണ്! എല്ലാ പത്രങ്ങളുടെയും മുൻപേജിൽ വെണ്ടയ്ക്കാ അക്ഷരത്തിൽ വാർത്ത വന്നു! ഇത് അക്ഷരസമരത്തിന്റെ ക്ലൈമാക്സ്! കാരശ്ശേരിമാഷിന്റെ ലേഖനം ആന്റി ക്ലൈമാക്സ്!

പക്ഷേ, രണ്ടായിരത്തിയിരുപത്തിരണ്ടിലെ പാഠപുസ്തകം അച്ചടിച്ചുവന്നപ്പോൾ അതിൽ അക്ഷരമാലയില്ല! ഇതറിഞ്ഞ് ഞാൻ പത്രങ്ങളിൽ വിളിച്ചു വിവരം പറഞ്ഞു. വലിയ വാർത്താപ്രാധാന്യമൊന്നുമില്ലാത്ത മട്ടിൽ ചില പത്രങ്ങളെല്ലാം വാർത്ത കൊടുത്തു. ഞാൻ എസ്.സി.ഇ.ആർ.ടി. ഡയറക്ടർ ജെ. പ്രസാദിനെ ഫോണിൽ ബന്ധപ്പെട്ടു. അദ്ദേഹം കൈമലർത്തി. പുസ്തകങ്ങൾ പരിഷ്കരിക്കുമ്പോൾ പരിഗണിക്കാമെന്നു പറഞ്ഞു. അതിനു രണ്ടുമൂന്നു വർഷമെങ്കിലുമെടുക്കും എന്നു പറഞ്ഞു. ബഹു. മന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നല്ലോ എന്നു പറഞ്ഞത് അദ്ദേഹത്തിനിഷ്ടപ്പെട്ടില്ല. 'അപ്പം ചുടുന്നതുപോലെ ചുട്ടെടുക്കാവുന്നതല്ല പാഠപുസ്തകം' എന്നും പറഞ്ഞ് ഫോൺ കട്ടാക്കി.

ഞാൻ തിരുവനന്തപുരത്തിനുപോയി വിദ്യാഭ്യാസമന്ത്രിയെ നേരിൽക്കണ്ടു വിവരം ബോധിപ്പിച്ചു. ബഹു. മന്ത്രി റോഷി അഗസ്റ്റിൻ വഴിയാണ് മന്ത്രിയെ കാണാൻ സാധിച്ചത്. ഈ വർഷംതന്നെ അക്ഷരമാല പാഠപുസ്തകത്തിൽ ചേർക്കാമെന്ന് എനിക്ക് ഉറപ്പുതന്നു. ആ ഉറപ്പിന്റെ ബലത്തിൽ ബഹു. മന്ത്രിക്ക് പാലായിൽ സ്വീകരണമൊരുക്കി. 2022 ജൂലൈ 26-ാം തീയതി മന്ത്രി പാലായിൽ വന്നു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ പാലാ സെന്റ് തോമസ് ട്രെയിനിങ് കോളജിൽ നടന്ന പ്രൗഢഗംഭീരമായ സദസ്സിൽ ജലവിഭവവകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, സ്ഥലം എം.എൽ.എ. ശ്രീ മാണി സി. കാപ്പൻ മുതലായവരുടെ സാന്നിധ്യത്തിൽ ബഹു. വിദ്യാഭ്യാസമന്ത്രി ശ്രീ വി. ശിവൻകുട്ടി പാഠപുസ്തകത്തിൽ ചേർക്കാൻ പോകുന്ന അക്ഷരമാലചാർട്ട് വേദിയിൽ പ്രദർശിപ്പിച്ചുകൊണ്ട് കൈയടി നേടി! ഒരു സൂപ്പർ ക്ലൈമാക്സ്! ക്ലൈമാക്സ് ലോകം മുഴുവൻ അറിഞ്ഞു. പക്ഷേ, സൂപ്പർ ക്ലൈമാക്സ് അധികമാരും ഇന്നും അറിഞ്ഞിട്ടില്ല! Success has many fathers and failure is an orphan!

■

നോവൽ 24

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ



നോവലിസ്റ്റ്

അമ്മ പറഞ്ഞു: “കുളിരുമ്പം കിട്ടാത്ത കുപ്പായമെന്തിനാ ചന്തിക്കീഴേ വിരിച്ചിട്ടിരിക്കാനോ? ലിസിമോളിനി അപ്പുമോൻ പറയുന്നതുപോലെ ചെയ്യ്. ഇവിടെ ഒരുവർഷം ജോലിചെയ്യുന്നകാശ് അവിടെ ഒരുമാസംകൊണ്ട് ഉണ്ടാക്കാം.”

അപ്പു ചിരിച്ചുകൊണ്ടു പറഞ്ഞു: “ജീവിതച്ചെലവും അവിടെ കൂടുതലാ, എന്നാലും അവിടുത്തെ ജീവിതവും ഇവിടുത്തെ ജീവിതവും തമ്മിൽ അജഗജാന്തരമാണ്. അവിടെ ജീവിച്ചവരാരും വീണ്ടും ഇവിടെ ജീവിക്കാൻ ഇഷ്ടപ്പെടില്ല.”

അപ്പൻ പറഞ്ഞു: ‘‘അപ്പുമോൻ അവന്റെ നയം വ്യക്തമാക്കിക്കഴിഞ്ഞു, ഇനി ലിസിക്കുട്ടിയെന്നാ പറയുന്നേ? ഇവിടുത്തെ ജോലി കളഞ്ഞിട്ട് അപ്പൂന് ഒപ്പം പോകുവാണോ?”

ലിസി പറഞ്ഞു: “അതിച്ചാച്ചാ നേരത്തേ ഈ ജോലി കിട്ടീരുന്നേൽ ലോങ് ലീവെടുത്തു പോകാരുന്നു, ജോയിൻ ചെയ്തിട്ട് ഉടനെ ലോങ് ലീവ് കിട്ടില്ലല്ലോ, അതിനൊക്കെ ഒരുപാടു നടപടികളുണ്ട്. ഞാൻ എന്നെ രക്ഷിച്ചവന് എന്റെ തല കൊടുത്തു. ഇനി അച്ചാച്ചനൊപ്പം പോകുവാ. ഒരു നന്മവരുമ്പം നമ്മളെ കൺഫ്യൂഷനിലാക്കാൻ നിരവധി സാഹചര്യങ്ങൾ വരും. പി. എസ്. സി യുടെ ഒരുപാടു ലിസ്റ്റുകളിൽ ഞാനുണ്ട്. പിൻവാതിൽനിയമനവും രാഷ്ട്രീയക്കാരുടെ സ്വജനപക്ഷപാതവും ആശ്രിതനിയമനവും ജാതിസംവരണവുമൊക്കെ കഴിഞ്ഞുവരുന്ന തുറന്ന വേക്കൻസികളിൽ ചിലതെങ്കിലും ഇതുപോലെ കിട്ടും.”

ബോംബെയിലും ഹൈദരാബാദിലുമൊക്കെ വിസാ സംബന്ധിച്ച ആവശ്യങ്ങൾക്കായി അപ്പുവിനോടൊപ്പം ലിസിയും അപ്പൂന്റെ അമ്മച്ചിയുംപോയി. ലിസിയുടെയും അമ്മച്ചിയുടെയും ആദ്യവിമാനയാത്രയാണത്.

ബോംബെയിൽ മുറിയെടുത്തിട്ട്, അപ്പു പറ്റുന്ന സ്ഥലങ്ങളൊക്കെ ഇരുവരെയും കൊണ്ടെക്കാണിച്ചു. അമ്മച്ചിക്ക് ഒരു ജലദോഷത്തിന്റെ ആരംഭം. അതു കടുത്താൽ പ്രശ്നമാണ്. അമ്മച്ചിക്കു ശ്വാസംമുട്ടലിന്റെ അസഹ്യതയുണ്ട്. അതുകൊണ്ട് ഹൈദരാബാദിൽ പോയിട്ട്, പുറത്തൊരു പര്യടനവുമവർ നടത്തിയില്ല.

ലിസിക്കു വേണ്ടപ്പെട്ട ഭവനങ്ങളിൽ ഒരുക്കിയ കൊച്ചുകൊച്ചു വിരുന്നുകളിൽ അവർ സംബന്ധിച്ചു.

മറിയക്കുട്ടിക്കൊച്ചമ്മ, തറവാട്ടിൽ വലിയ ഒരു വിരുന്നൊരുക്കുന്നതായി വല്യമ്മച്ചി മുഖേന അറിഞ്ഞ ലിസി പറഞ്ഞു: ഓരോ ഗ്ലാസ്സ് പച്ചവെള്ളം മാത്രംമതി. ഞങ്ങൾ രണ്ടുപേരുടെയും വയറിനു സുഖമില്ല.

തറവാട്ടിലെ വിരുന്നു സ്വീകരിക്കാത്തതിൽ വല്യമ്മച്ചിക്ക് അമർഷമായി. വല്യമ്മച്ചി പറഞ്ഞു: “പെമ്പിള്ളാർക്ക് ഇത്രേം അഹമ്മതി പാടില്ല.”

ലിസി വല്യമ്മച്ചിയോടു പറഞ്ഞു: “തറവാട്ടിലെ മേശയിൽനിന്ന് ഞാൻ എന്നെങ്കിലും കഴിച്ചിട്ടുണ്ടോ? പേരപ്പന്മാരുടെ മക്കളൊക്കെ തറവാട്ടിലൊരുക്കിയ മേശയിൽനിന്ന് പലഹാരങ്ങളും സദ്യയും കഴിച്ചപ്പോൾ ഞാൻ അടുക്കളപ്പുറത്തെ നടയിലിരുന്ന് പഴങ്കഞ്ഞിയും പഴകിയ ആഹാരങ്ങളും കഴിച്ചു, ഞാനും വല്യമ്മച്ചിയുടെ കൊച്ചുമോളായിരുന്നില്ലേ, ആ സങ്കടം തീരുന്നില്ല.”

അമ്മയുടെ സഹോദരങ്ങളും അപ്പന്റെ സഹോദരങ്ങളും ലിസിക്കു കൈവന്നഭാഗ്യത്തിൽ ഒരുപോലെ സന്തോഷിച്ചു. ലിസിയുടെ ഇടവകപ്പള്ളിയിൽ ‘പ്രസ്താവന’ വായിക്കുന്ന സമയം വികാരിയച്ചൻ പുതുമണവാളനെയും മണവാട്ടിയെയും എഴുന്നേല്പിച്ചുനിറുത്തി. മണവാളനെ പരിചയപ്പെടുത്തി, പ്രാർഥിച്ച്, ഇരുവരെയും ആശീർവദിച്ചു.

വല്യമ്മച്ചിക്ക് ഇപ്പോൾ തീരെ വയ്യാ. തറവാട്ടിലെ നടകൾ കയറാനും ഇറങ്ങാനും ബുദ്ധിമുട്ടാണ്. അതിനാൽ ലിസി പോകുന്നതുവരെ ബേവിച്ചെറുക്കന്റെ വീട്ടിൽ താമസിക്കണം.

വല്യമ്മച്ചിയുടെ ആഗ്രഹപ്രകാരം അപ്പനും ജാക്സനും അച്ചോയിയും കൂടെ ക്യാൻവാസുകസേരയിലിരുത്തി വല്യമ്മച്ചിയെച്ചുമന്ന് വീട്ടിൽക്കൊണ്ടുവന്നു.

വല്യമ്മച്ചി പറഞ്ഞു: “എടാ ബേവിച്ചാ, ലിസിപ്പെണ്ണ് പോകുന്നതിനു മുന്നേ എനിക്കൊന്നു കുമ്പസാരിച്ച് കുറുബാന കൈക്കൊള്ളണം.”



“ആ അതിനെന്നാ ഞായറാഴ്ചയാട്ടേ, അന്ന് വിശുദ്ധകുർബാനയും അനുഭവിക്കാം. കിടപ്പുരോഗി അല്ലാത്തതുകൊണ്ട് നമ്മളു പള്ളിയിൽ കൊണ്ടുപോകണം എന്നേയുള്ളൂ, കാറുപിടിച്ചു കൊണ്ടുപോകാം, അമ്മച്ചിയുടെ ആഗ്രഹമല്ലേ.”

“പിള്ളേര് എന്നാടാ പോകുന്നേ, ടിക്കറ്റൊക്കെ ശരിയായോ, ഇനി അവരു വരുന്നത് യാത്ര പറയാനാകുമല്ലേ.” വല്യമ്മച്ചി തുടർന്നു: “അവക്കെന്നോട് തീരാത്ത അമർഷമുണ്ട്, ഒന്നൂടെ അവളെയൊന്നു കാണണം.”

ലിസി അവളുടെ സർട്ടിഫിക്കറ്റുകളും അത്യാവശ്യരേഖകളുമെടുത്ത് യാത്ര പറയാൻ വീട്ടിലെത്തി.

വല്യമ്മച്ചി ചോദിച്ചു: “മാനിന്നുതന്നേ തിരുവല്ലായ്ക്കു പോകണോ, നാളെ പോയാൽ പോരേ, എന്റെ കാലം തീരാറായി, ഇനി വരുമ്പം ഞാനില്ലെങ്കിലോ?”

“അങ്ങനെയൊന്നും വരില്ല, വല്യമ്മച്ചി ദീർഘായുസ്സായിട്ടിരിക്കും, നൂറു തികച്ചിട്ടേ പോകൂ.”

വല്യമ്മച്ചി ലിസിയെ മാറോടു ചേർത്ത്, അവളുടെ കവിളിണയിൽ മുത്തംനല്കി. അവൾക്ക് വല്യമ്മച്ചിയിൽനിന്ന് ആദ്യമായി ലഭിക്കുന്ന അനർഘസമ്മാനമാണത്.

“ന്റെ മാൻ വല്യമ്മച്ചിയോടു പിണങ്ങരുത്, ഒത്തിരി വേലയെടുപ്പിച്ചിട്ടുണ്ട്. അതൊന്നും വിരോധം കൊണ്ടല്ല, എന്തു പറഞ്ഞാലും നീയനുസരിക്കും, മറുത്തു പറയാതെ ചെയ്യും, അന്നേരം നനഞ്ഞിടം കുഴിക്കാരുന്നു, പിന്നെ നീയോ നിന്റപ്പനോ ഒരിക്കലും പരാതി പറഞ്ഞുമില്ല.”

‘‘എന്നെ ഒരുപാടു സ്നേഹിച്ച, ലിശിയമ്മേന്നു മാത്രം വിളിക്കുന്ന, പല്ലില്ലാത്ത, എന്റെയാ തലതൊട്ടമ്മയെ, വാകത്താനത്തെ വല്യമ്മച്ചിയെ ഞാൻ മിസ്സു ചെയ്യുന്നു. ആ വല്യമ്മച്ചി അനുഗ്രഹിച്ചു നല്കിയ കുണുക്കുകൾ കൊണ്ടു പണിത ഈ മോതിരം മാത്രമേ ഞാൻ എടുത്തിട്ടുള്ളൂ. ഇതെന്നും എന്റെ നല്ല ഓർമയാണ് പാവം വല്യമ്മച്ചിക്ക് ആകെയുണ്ടായിരുന്ന പൊന്നാണത്.”

ലിസി തുടർന്നു: “വല്യമ്മച്ചി ഞാനുണ്ടായപ്പോൾ, വേലക്കാരിയായ കല്യാണിച്ചോത്തിയെക്കൊണ്ടല്ലേ എനിക്ക് പൊന്നുംതേനും തൊടീച്ചുതന്നത്. തമ്പിച്ചാച്ചൻ തമാശയ്ക്കായിട്ടും ജാക്സനും മേഴ്സിയുമൊക്കെ പിണങ്ങുമ്പോളും എന്നെ ‘കല്യാണിച്ചോത്തി’ യെന്നു വിളിച്ചെത്രയധികം അപമാനിച്ചിട്ടുണ്ട്. ലിസിയുടെ കണ്ണുകളിൽനിന്ന് നീർമണികൾ ഒലിച്ചിറങ്ങി. വല്യമ്മച്ചിയുടെ നെഞ്ചിലത് വീണുപൊള്ളി. നെഞ്ചു തിരുമ്മിക്കൊണ്ട് വല്യമ്മച്ചി പറഞ്ഞു: “അതൊക്കെ അന്നങ്ങനെ പറ്റിപ്പോയി, വല്യമ്മച്ചിയും അന്ന് ചെറുപ്പമല്ലാരുന്നോ? ചെറുപ്പത്തിന്റെ അഹമ്മതിയായിട്ട് എന്റെ മാൻ കരുതിയാ മതി.”

“എനിക്കു കാരണം അറിയാം. പേറ്റുനോവ് സഹിക്കാതെ നിലവിളിച്ചുകൊണ്ടിരുന്ന എന്റമ്മ പച്ചമരുന്നിടിച്ച് എണ്ണ കാച്ചിത്തരാഞ്ഞിട്ടല്ലേ. പിന്നെ വല്യമ്മച്ചി പൂച്ചനക്കിയ പാത്രത്തിൽ എനിക്കു ചേമ്പുകറി വിളമ്പിത്തന്നത്, വല്യപ്പച്ചന്റെ വായിലെ ഈളാവെള്ളംവീണ എച്ചിലിൽ പഴങ്കഞ്ഞിയിട്ട് എന്നെ കുടിപ്പിച്ചത്. ഇതൊക്കെ കഴിച്ചയുടനേ, മറിയക്കുട്ടിക്കൊച്ചമ്മ പറഞ്ഞ് ഛർദ്ദി നിർത്താൻ മരുന്നു കഴിക്കേണ്ടിവന്നു. എന്റെ നെഞ്ചിലെ മുറിവുകളാണിതെല്ലാം” ലിസി വല്യമ്മച്ചിയുടെ മാറിൽ തലചായ്ച്ച് വിങ്ങിക്കരഞ്ഞു.

“എനിക്കു വല്യമ്മച്ചിയോടൊരു പിണക്കോമില്ല. ഇനിയെന്നും വല്യമ്മച്ചി ഇവിടെ നിന്നാമതി.”

വല്യമ്മച്ചി ബേവിച്ചന്റെ വീട്ടിൽ നില്ക്കാനുള്ള കാരണം കേട്ട് ലിസി ഞെട്ടിപ്പോയി. കിഴക്കേടത്തെയാ ഡ്രൈവറു സുകുമാരൻ മറിയക്കുട്ടിയുടെ മുറിയിൽ നിന്നിറങ്ങിപ്പോകുന്നത് വല്യമ്മച്ചി കണ്ടുവത്രേ.

എന്തിനാടീ അവൻ നെന്റെ മുറിയിൽ കയറിയതെന്നു ചോദിച്ചപ്പം മറിയക്കുട്ടി വല്യമ്മച്ചിയുടെ കാലിൽ കെട്ടിപ്പിടിച്ചു കരഞ്ഞത്രേ: “ന്റെ മക്കളറിഞ്ഞാൽ ഞാൻ ജീവിച്ചിരിക്കില്ല, ആത്മഹത്യ ചെയ്യും.”

വല്യമ്മച്ചി ലിസിയുടെ കണ്ണീരൊപ്പിക്കൊണ്ടു പറഞ്ഞു: “ഇതൊന്നും കേട്ട്ന്റെ മകളു വെഷമിക്കണ്ടാ, നീയനുഗ്രഹിക്കപ്പെടും, നന്നായിട്ടു വരും, നല്ലതേ വരൂ, നീ തന്ന കച്ചമുണ്ടും കവിണിയും ഉടുത്തോണ്ടാ ഞാൻ പള്ളീൽ കഴിഞ്ഞ ഞായറാഴ്ച പോയത്, കുമ്പസാരിച്ച് കുറുബാന കൈക്കൊണ്ടത്. ഞാനിനി മറ്റെങ്ങും പോണില്ല, ഇനിയെന്നും എന്റെ ബേവിച്ചെറുക്കന്റെ കൂടെയാ.”

“അതുമതി, വല്യമ്മച്ചി ഇനിയെങ്ങും പോകണ്ടാ, എന്നും ഇവിടെ നിന്നാമതി.”

‘‘വല്യമ്മച്ചിയും പേരക്കിടാവുംകൂടെ കിന്നാരം ചൊല്ലി സമയംപോയി. “വേഗം ഒരുങ്ങ്, ലിസിമോൾ പറഞ്ഞയിടങ്ങളിലൊക്കെ പോകണ്ടേ, എളുപ്പം പോയി വേഗംവരാം.’’ അപ്പു പോകാനായി ധിറുതികൂട്ടി.

വല്യമ്മച്ചി അപ്പൂനോടു ചോദിച്ചു: “മക്കക്ക് അവിടെ വേലക്കാരുണ്ടോ? സ്വന്തം വീടാണോ? അവിടുത്തെ വിശേഷം ഒക്കെ പറ.”

“അതാ വല്യമ്മച്ചീ അവിടത്തെ പ്രത്യേകത. വേലക്കാരുമില്ല, ആരും വേലക്കാരെ നിയമിക്കാറുമില്ല. അവനവന്റെ വീട്ടിലെ ജോലി ആൺപെൺഭേദമില്ലാതെ എല്ലാരുമൊന്നിച്ചങ്ങു ചെയ്യും. പിന്നെ എല്ലാം മെഷീനല്ലേ ചെയ്യുന്നത്, പാത്രം കഴുകലും, തറ തൂത്തുതുടയ്ക്കലും വരെ എല്ലാം. പ്രോഗ്രാം ചെയ്തുകൊടുത്താൽ മതി മെഷീൻ ചെയ്തോളും. എനിക്കവിടെ ഒരു നല്ല വീടുണ്ട്. ചെറിയൊരു അടുക്കളത്തോട്ടമുണ്ട്. രണ്ടു പ്ലോട്ടുകളുണ്ട്, രണ്ടു കാറുകളുമുണ്ട്. പിന്നെ നേരമ്പോക്കിനൊരു പട്ടിക്കുട്ടീം. ദൈവമനുഗ്രഹിച്ച്, വല്യമ്മച്ചിയുടെ കൊച്ചുമോൾക്കവിടെ കഷ്ടപ്പെടേണ്ടിവരില്ല. അവിടെ ചെല്ലുന്ന ഓരോരുത്തർക്കും ഈ സൗകര്യങ്ങളൊക്കെ ഗവൺമെന്റ് ലോണായിനല്കും. എന്റെ വീടിന്റെ ലോൺ മുപ്പതു വർഷംകൊണ്ട് അടച്ചുതീർക്കണം. അതായത്, യൗവനകാലത്ത് അധ്വാനിക്കുന്നതെല്ലാം അവിടെ ലോൺ അടച്ച് വാർധക്യത്തിലേക്കു സമ്പാദിച്ചെടുക്കുന്നു, വാർധക്യത്തിൽ ആരുടെയും മുമ്പിൽ കൈനീട്ടാതിരിക്കാൻ. ബാക്കി ഞങ്ങളവിടെച്ചെന്നിട്ട് ഫോണിൽ വിളിച്ചുപറയാം. ഇപ്പം പോട്ടേ.”

ലിസി വടക്കേടത്തെ വല്യമ്മയുടെ കൈയിൽ ഒരു പ്ലാസ്റ്റിക് കവറേല്പിച്ചു. ഫോറിൻ മിഠായികളും സെറ്റുമുണ്ടും, ഒപ്പം പുകയിലയുടെ ഒരുകെട്ടും. ആ വല്യമ്മയുടെ കണ്ണുകൾ നിറഞ്ഞൊഴുകി അവർ ലിസിയെ വാരിപ്പുണർന്നു.

അംബുജംചേച്ചി നല്കിയ ചായയും കുടിച്ച് അവർ പാറേലമ്മയുടെ വീട്ടിലെത്തി. അപ്പുമോൻ നല്കിയ നോട്ടുകെട്ട് അമ്മയുടെ കൈയിൽ നിർബന്ധിച്ചുപിടിപ്പിച്ചു. ഒപ്പം ഒരു ഫോറിൻ കമ്പിളിപ്പുതപ്പും കസവുകവിണിയും, ബിന്ദുമോൾക്കായി കരുതിയ ചോക്കലേറ്റും.

*ശേഷം 13-ാം പേജിൽ*

കഥ

# അമ്മക്കൈ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

മഴ തോർന്ന രാവിലെ അലക്കാനുള്ള തുണികളുമായിട്ടാണ് അവൾ കായൽക്കടവിലേക്കു പോയത്.

മണി ആറു കഴിഞ്ഞതേയുള്ളൂ. ഇരുവശവും പുല്ലുപിടിച്ച നടവഴിയിൽ അപ്പോഴും ആളനക്കമായിട്ടില്ല. പതിവുവേലയ്ക്കായി പോകാറുള്ള പെണ്ണുങ്ങൾ അന്ന് ആ വഴി വരാൻ എന്തോ വൈകി.

തുണിക്കെട്ട് കല്ലേൽവച്ച് അവൾ കല്പടവിലേക്കിറങ്ങി. രാത്രിയിൽ കാലവർഷം കനത്തുപെയ്തതുകൊണ്ട് കടവ് മുങ്ങാറായിക്കിടന്നിരുന്നു. വെള്ളത്തിനു നല്ല തണുപ്പ്.

പരന്നു വിശാലമായിക്കിടന്ന കായലിന് വല്ലാത്തൊരു ഭീകരഭാവമുള്ളപോലെ അവൾക്കു തോന്നി. അതിന്റെ ആഴം മുമ്പില്ലാത്തവണ്ണം അവളെ ഭയപ്പെടുത്തി.

അലക്കാനുള്ള തുണികൾ ഓരോന്നായി എടുത്തുകൊണ്ടിരുന്നപ്പോഴാണ് ഇത്തിരി അകലെയായി വെള്ളത്തിലേക്കു ചാഞ്ഞുവളർന്നുകിടന്ന പൊന്തക്കാട്ടിൽ ഒരനക്കം ശ്രദ്ധിച്ചത്.

തെല്ലൊന്നു പേടിച്ചെങ്കിലും അവൾ കായലോരത്തൂടെ നടന്ന് അരികെയെത്തി സൂക്ഷിച്ചുനോക്കി. തന്റെ കണ്ണുകളെ അവൾക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല!

പൊന്തപ്പുല്ലുകളെ അള്ളിപ്പിടിച്ചു കിടക്കുന്ന ഒരു പെൺകുഞ്ഞ്!

ഏകദേശം നാലു വയസ്സു തോന്നിക്കും. മഞ്ഞ നിറമുള്ള ഒറ്റയുടുപ്പാണു വേഷം. ചീകിയൊതുക്കിക്കെട്ടിയ മുടി. അരയോളം വെള്ളത്തിലാണ്ടു കണ്ണുകളടച്ചുകിടന്ന അവൾ തണുത്തു വിറയ്ക്കുന്നുണ്ട്. ഇടയ്ക്കു ഞരക്കവും മൂളലും. കുട്ടി തീർത്തും അവശയായിരുന്നു.

ഞെട്ടിക്കുന്ന ആ കാഴ്ച കണ്ട് അവൾ അലറിക്കരഞ്ഞു. സഹായത്തിനായി നിലവിളിച്ചെങ്കിലും ആരെയും കണ്ടില്ല.



നോക്കിനില്ക്കാൻ നേരവുമില്ലായിരുന്നു. ഒരുനിമിഷം എന്തുചെയ്യണമെന്നറിയാതെ പകച്ചുനിന്ന അവൾ പിന്നിൽനിന്ന് ആരോ തള്ളിയാലെന്നപോലെ പെട്ടെന്ന് പൊന്തക്കാട്ടിലേക്കെടുത്തുചാടി.

തഴച്ചുപൊന്തിനിന്ന പുല്ലുകൾ വകഞ്ഞുമാറ്റി കുട്ടിയുടെ അടുത്തേക്കു നടന്നുചെന്നു. അരയ്ക്കൊപ്പം വെള്ളത്തിൽ അവളും അപ്പോൾ ആഴ്ന്നിരുന്നു.

പുൽക്കൂട്ടത്തിലുള്ള കുഞ്ഞിന്റെ കൈ വിടുവിച്ച് വളരെ പണിപ്പെട്ട് അവളെ കോരിയെടുത്ത് തോളിൽ കിടത്തി കരയിലേക്കു നടന്നു.

തന്റെ ശരീരമാസകലം തളരുന്നപോലെ അവൾക്കനുഭവപ്പെട്ടു. പക്ഷേ, അവളതു കൂട്ടാക്കിയില്ല.

എങ്ങനെയും കുഞ്ഞിനെ കരയ്ക്കെത്തിച്ച് ജീവൻ രക്ഷിക്കണം. അതുമാത്രമായിരുന്നു അവളുടെ ചിന്ത.

അപ്പോഴേക്കും വഴിയിൽ ഓടിക്കൂടിയ അവളുടെ ഭർത്താവും മറ്റുചിലരും കുഞ്ഞിനെ അവളിൽനിന്നു വാങ്ങി അടുത്തുള്ള ആശുപത്രിയിലേക്കു കൊണ്ടുപോയി.

തന്റെ നനഞ്ഞ വസ്ത്രങ്ങൾ മാറിയുടുക്കുകപോലും ചെയ്യാതെ അവളും അവർക്കൊപ്പം ആ വണ്ടിയിലുണ്ടായിരുന്നു.

"ഈശ്വരാ, കുഞ്ഞിനൊന്നും വരാതെ കാത്തോളണേ..." അവൾ ഉള്ളുരുകി പ്രാർഥിച്ചുകൊണ്ടിരുന്നു.

അവളുടെ കുതിർന്ന കവിൾത്തടങ്ങളിലൂടെ ഒഴുകിയിറങ്ങിയ കണ്ണീർ കായൽനീരാണെന്ന് കൂടെയിരുന്നവർ കരുതി!

തീവ്രപരിചരണവിഭാഗത്തിൽനിന്ന് അപകടനില തരണംചെയ്ത കുഞ്ഞിനെ പിന്നീട് വാർഡിലേക്കു മാറ്റിയപ്പോൾ അവളുടെ അവകാശികൾ ആരെയെങ്കിലും കണ്ടെത്തുന്നതുവരെ പരിചരിക്കാൻ ആ ദമ്പതികളെയാണ് പൊലീസ് നിയോഗിച്ചത്.

കാലവർഷം കലിതുള്ളിപ്പെയ്ത അന്നത്തെ രാത്രിയിൽ കുഞ്ഞിന്റെ അമ്മതന്നെയാണ് കൊല്ലാനായി അവളെ കായലിലേക്കെറിഞ്ഞിട്ട് കടന്നുകളഞ്ഞത് എന്ന വാർത്ത കാവലുണ്ടായിരുന്ന പൊലീസുകാരിൽനിന്നാണ് രണ്ടു ദിവസങ്ങൾക്കുശേഷം അവർ കേട്ടറിഞ്ഞത്.

ഒരമ്മയ്ക്കു തന്റെ കുഞ്ഞിനെ കൊന്നുകളയാൻ കാരണങ്ങൾ പലതുണ്ടാവാം.

പക്ഷേ, പോറ്റിവളർത്താൻ കാരണമൊന്നുമാത്രം മതി:

നൊന്തുപെറ്റതാണെന്ന ഒരേയൊരു കാരണം. അതും പെറ്റപ്പോൾ നൊന്തെങ്കിൽമാത്രം!

ആശുപത്രിക്കിടക്കയിൽ മയങ്ങിക്കിടന്ന പേരറിയാത്ത ആ കുഞ്ഞിന്റെ ഇരുകൈകളും ചേർത്തുപിടിച്ച് ആ കുരുന്നുമുഖത്തേക്കു മിഴിയിമചിമ്മാതെ നോക്കിക്കൊണ്ട് ഓരംചേർന്ന് അവളിരുന്നു. തൊട്ടടുത്ത് ഭർത്താവും.

തങ്ങൾക്കു കിട്ടിയ ആ പൊൻമുത്തിന്റെ അവകാശികളായി ആരും വരരുതേയെന്ന് മക്കളില്ലാത്തതിന്റെ നൊമ്പരം പേറിയിരുന്ന അവരിരുവരും അറിയാതെയെങ്കിലും ഒരുമാത്ര പ്രാർഥിച്ചിരിക്കുമോ?

തന്നെ കയത്തിൽനിന്നും കരയിലേക്കു വീണ്ടെടുത്ത പേരറിയാത്ത അമ്മക്കൈകളിൽ മുറുകെപ്പിടിച്ച് ആ പെൺകുഞ്ഞ് മയങ്ങി, കരയിൽനിന്നും കയത്തിലേക്കു വലിച്ചെറിഞ്ഞ പേരറിയാവുന്ന തന്റെ അമ്മക്കൈകളുടെ വരവും കാത്ത്...

ഗേറ്റിനു സമീപം തടിച്ചുകൂടിയ ജനങ്ങൾക്കിടയിലൂടെ ഒരു പൊലീസ് വാഹനവ്യൂഹം അപ്പോൾ ആശുപത്രിയുടെ മുന്നിലേക്കെത്തുന്നുണ്ടായിരുന്നു.

■

# ലതർ ബാക് ടർട്ടിൽ




മാത്യൂസ് ആർപ്പൂക്കര

ഏകദേശം ഒരു കാളയുടെ ഭാരമുള്ള വമ്പൻ ആമകൾ കടലിൽ നീന്തിനടക്കുന്നതു കാണാം. ലെതർബാക് ടർട്ടിലാണത്. മലയാളത്തിൽ തോൽച്ചുങ്കൻ കടലാമയെന്നു പറയും. വലുപ്പത്തിൽ വമ്പനായ ഈ ആമ ഉരഗങ്ങളിൽ നാലാം സ്ഥാനക്കാരനാണ്. സാധാരണ കടലാമകൾക്കു കട്ടിയേറിയ അസ്ഥികൾകൊണ്ടുള്ള പുറംതോടാണുള്ളതെങ്കിൽ, ഇതിൽനിന്നു വ്യത്യസ്തമായി വഴക്കമുള്ള അസ്ഥികൾ ചേർന്ന് തുകൽപോലെയുള്ള ചർമത്താൽ പൊതിഞ്ഞിരിക്കുന്നു ലെതർബാഗ് ടർട്ടിലുകളുടെ പുറന്തോട്. അതുകൊണ്ടുതന്നെ ഏറെ ആഴത്തിലേക്കു മുങ്ങാംകുഴിയിടാൻ ഈ വമ്പനാമകൾക്കു കഴിയുന്നു.

ജെല്ലിഫിഷ് കൂന്തൽപോലുള്ള ജലജീവികളും അമ്മാതിരി മൃദുവായ ശരീരമുള്ള ചില മത്സ്യങ്ങളുമൊക്കെയാണ് ലെതർ ബാഗ് ടർട്ടിലുകളുടെ ഇഷ്ടയാഹാരം. ജെല്ലിഫിഷുകളെ തേടി പകൽനേരത്ത് ആഴമേറിയ കടൽഭാഗങ്ങളിൽ ഇവറ്റകൾ ചുറ്റിക്കറങ്ങുന്നു. രാത്രിയിൽ ജെല്ലിഫിഷുകൾ തമ്പടിക്കുക ആഴംകുറഞ്ഞ സമുദ്രഭാഗങ്ങളിലാണ്. ആ സമയം നോക്കി തക്കത്തിന് ഈ കടലാമകൾ അവിടെയും എത്താറുണ്ട്. തങ്ങളുടെ ശരീരഭാരത്തിന്റെ എഴുപതു ശതമാനത്തിലേറെ ഭക്ഷണം അകത്താക്കുന്നവരാണീക്കൂട്ടർ.

പസഫിക്, അറ്റ്ലാന്റിക്, ഇന്ത്യൻ മഹാസമുദ്രങ്ങളിലൊക്കെ ലെതർബാഗ് ടർട്ടിലുകളെ കാണാനാവും. മുട്ടയിടാനായി 5000ത്തിലേറെ കിലോമീറ്റർ ദൂരം



ഇവ സഞ്ചരിക്കാറുണ്ട്. 25 വർഷംമുതൽ 50 വർഷം വരെയാണ് ഇതിന്റെ ശരാശരി ആയുസ്സ്. വംശനാശഭീഷണി നേരിടുന്ന ഒരു വിഭാഗമാണിത്.

മനുഷ്യരാണ് ഇവയുടെ പ്രധാന ശത്രുക്കൾ. ലെതർബാഗ്ടർട്ടിലുകളുടെ മുട്ടയ്ക്കു വലിയ ഡിമാൻഡാണ്. 1980 കളിൽ ഒരു ലക്ഷത്തിലേറെ ലെതർബാക് കടലാമകൾ പല കടൽത്തീരങ്ങളിലും മുട്ടയിടാനായി എത്തിയിരുന്നു. ഇന്നിപ്പോൾ അതിന്റെ പാതിപോലും കാണുന്നില്ല.

വർഷങ്ങൾക്കുമുമ്പ് പൂർണവളർച്ചയെത്തിയ ഒരു പെൺലെതർ ബാഗ് ടർട്ടിലിനെ ഉപഗ്രഹസഹായത്തോടെ ഗവേഷകർ പിന്തുടർന്ന കഥയുണ്ട്. ഏതാണ്ട് 19,000 കിലോമീറ്റർ ഈ ആമ സഞ്ചരിച്ചിരുന്നു. ഒരു കശേരുജീവി നടത്തിയ ഏറ്റവും നീണ്ട ദേശാന്തരയാത്രയാണിത്.

■

# സമരകേരളത്തിന്റെ പൊയ്മുഖമില്ലാത്ത പോരാളി



**മോബിൻ മോഹൻ**

ഒരിക്കൽ സുകുമാർ അഴീക്കോട് പറഞ്ഞു: "വിഎസ് ഒരു വ്യക്തിയല്ല, ആശയമാണ്." ഇടവേളകളില്ലാത്ത, സന്ധിചെയ്യാത്ത, സമരസപ്പെടാത്ത സമരനൈരന്തര്യമായിരുന്നു മലയാളികൾക്ക് വിഎസ് എന്ന രണ്ടക്ഷരം. കൊടിയ ദുഷ്പ്രഭുത്വത്തിന്റെ മുന്നിൽ ഒരിക്കലും തലകുനിക്കാത്ത നിത്യയൗവനം!

അസമത്വം നിറഞ്ഞ സാമൂഹികവ്യവസ്ഥിതിയോട്, അധികാരഗർവിനോട് നിരന്തരം സമരം ചെയ്യാൻ അദ്ദേഹത്തെ കരുത്തുള്ളവനാക്കിയത് സ്വന്തം ജീവിതംതന്നെയാണ്. വസൂരി ബാധിച്ച് മരണത്തോടു മല്ലടിക്കുന്ന അമ്മയെ ഒരു തോടിന്റെ അക്കരെ നിന്നു കാണേണ്ടിവന്ന നാലു വയസ്സുകാരൻ. ആ നിസ്സഹായത ഒരു തീരാനൊമ്പരമായി വിഎസ് പേറിയിരുന്നു. പതിനൊന്നാമത്തെ വയസ്സിൽ അച്ഛനും മരിച്ചതോടെ ഏഴാംക്ലാസിൽ പഠനം നിർത്തേണ്ടിവന്നു. സവർണ്ണമാടമ്പിത്തത്തിന്റെ ദുഷ്ചെയ്തികൾ കണ്ടും കേട്ടുമാണ് വിഎസ് വളർന്നത്. ചെറിയ ക്ലാസുകളിൽവച്ചു തനിക്കു നേരിടേണ്ടിവന്ന വിവേചനങ്ങളെ തന്റേടത്തോടെ നേരിട്ട വിഎസ് പതിനൊന്നാം വയസ്സിൽ ജ്യേഷ്ഠന്റെ തയ്യൽക്കടയിൽ സഹായിയായി കൂടി. കടയിൽ വരുന്ന കമ്പനിത്തൊഴിലാളികളും കർഷകത്തൊഴിലാളികളും, തൊഴിൽപ്രതിസന്ധികളെയും യൂണിയൻ പ്രവർത്തനങ്ങളെയുംപറ്റി പറയുന്നത് ആ ബാലൻ സശ്രദ്ധം കേട്ടു. അങ്ങനെ തയ്യൽപ്പണി ചെയ്യാൻ എത്തിയ വിഎസ് അച്യുതാനന്ദൻ തൊഴിലാളികളുടെ പിന്നിക്കീറിയ ജീവിതം തയ്ച്ചെടുത്ത നേതാവായി പിന്നീട് മാറി.

ആലപ്പുഴയിലെ ആസ്പിൻവാൾ കമ്പനിയിൽ തൊഴിലാളിയായി, പിന്നീട് അവരുടെ നേതാവായി മാറിയ വി.എസ് അച്യുതാനന്ദനിലെ സംഘാടകനെ കണ്ടെത്തുന്നത് സഖാവ് പി. കൃഷ്ണപിള്ളയാണ്. അങ്ങനെ കർഷകരെയും കർഷകത്തൊഴിലാളികളെയും സംഘടിപ്പിക്കാൻ പി. കൃഷ്ണപിള്ളയുടെ നിർദേശപ്രകാരം ഒരു നിയോഗംപോലെ പതിനേഴാം വയസ്സിൽ കുട്ടനാട്ടിൽ വിഎസ് എത്തുന്നു.

തിരുനല്ലൂർ കരുണാകരൻ തന്റെ റാണി എന്ന കവിതയിൽ പാടിയിട്ടുണ്ട്:

'റാട്ടുകളെപ്പോഴും അധ്വാന ശക്തിയാൽ
പാട്ടുപാടുന്നതു കേൾക്കാം.
താരിളംകയ്യുകൾ തൊണ്ടു തല്ലുന്നതിൻ
താളവും മേളവും കേൾക്കാം'

എന്നാൽ, കർഷകത്തൊഴിലാളിയുടെയും കയർത്തൊഴിലാളിയുടെയും ജീവിതത്തിന്റെ താളം എന്നേ നഷ്ടപ്പെട്ടുപോയിരുന്നു. അടിയാളനു ശബ്ദിക്കാൻ അവസരമില്ലാതിരുന്ന കാലത്ത്, പാതിരാവായാലും പണിയെടുപ്പിച്ച് പാടത്ത് കൊല്ലാക്കൊല ചെയ്തിരുന്ന കാലത്ത്, അവരെ ചൂഷണമെന്തെന്നും വർഗസമരമെന്തെന്നും വിഎസ് പഠിപ്പിച്ചു. അവരെ നിവർന്നുനിൽക്കാനും ചോദ്യം ചെയ്യാനും കെല്പുള്ളവരാക്കി. തൊഴിലാളികളോടു നീട്ടിയും കുറുക്കിയും പ്രസംഗിച്ചാണ് വിഎസ് തന്റെ പ്രസംഗശൈലി രൂപപ്പെടുത്തിയെടുത്തത്. അങ്ങനെ, ശബ്ദമില്ലാതിരുന്നവർ ഉച്ചത്തിൽ ഇങ്കിലാബ് വിളിച്ചു. ജന്മിത്തത്തിനും മുതലാളിത്തത്തിനുമെതിരേ നിരന്തരപ്രക്ഷോഭങ്ങൾ നടന്നു. ഓരോ അടിച്ചമർത്തലിനെയും തൊഴിലാളികൾ ജീവനും ജീവിതവും കൊടുത്തു നേരിട്ടു.

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾകശക്തിയിലേക്കു നമ്മൾ'

ഇടശ്ശേരി പാടിയതുപോലെ, സംഘടിച്ച് ശക്തിനേടിയ തൊഴിലാളികൾ വയലേലകളിൽ വലിയ മുന്നേറ്റങ്ങൾ നടത്തി.

അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ നടന്ന ഐതിഹാസികമായ പുന്നപ്ര - വയലാർ സമരം സ്വാതന്ത്ര്യചരിത്രത്തിന്റെ തന്നെ ചോര കിനിയുന്ന ഏടാണ്. അതേത്തുടർന്ന് ഒളിവുജീവിതം നയിച്ച വി എസ്, പൂഞ്ഞാറ്റിൽ വച്ചാണ് പൊലീസിന്റെ പിടിയിലാവുന്നത്. ലോക്കപ്പിൽ കൊടിയമർദനത്തിനു വിധേയനായ അദ്ദേഹത്തിന്റെ കാലിൽ തോക്കിന്റെ ബയണറ്റ് കുത്തിക്കയറ്റി. അപ്പോഴും ഒളിവിലായ സഹപ്രവർത്തകരെപ്പറ്റി ഒരു വാക്കുപോലും ആ മനുഷ്യനിൽ നിന്നു പൊലീസിനു ലഭിച്ചില്ല. അവശനായി ബോധം നഷ്ടപ്പെട്ട വിഎസ് മരിച്ചെന്നാണ് പൊലീസ് കരുതിയത്. സഹതടവുകാരനായ ഒരു കള്ളനെ ശരീരം മറവു ചെയ്യാൻ പൊലീസ് നിയോഗിച്ചതും ജീവനുണ്ടെന്നു മനസ്സിലാക്കിയ അയാൾ ജീവിതത്തിലേക്കു വിഎസിനെ തിരികെക്കൊണ്ടുവന്നതും ചരിത്രം. ബയണറ്റിന്റെ മുറിപ്പാടുള്ള ആ കാലുമായാണ് മലകളും താഴ്‌വാരങ്ങളും ആ മനുഷ്യൻ കയറിയിറങ്ങി സമരകാഹളം മുഴക്കിയത്.

പോരാളിയായ ഒരു കമ്മ്യൂണിസ്റ്റ് അധികാരത്തിലേറുമ്പോൾ എന്താണു സംഭവിക്കുക? സമരങ്ങൾ അവസാനിക്കുമോ? ഇല്ലെന്നാണ് വിഎസിന്റെ കാര്യത്തിൽ ഉത്തരം. ഉറച്ച ശബ്ദത്തിൽ കൈയേറ്റക്കാർക്കെതിരേ, സ്ത്രീപീഡകർക്കെതിരേ, അഴിമതിക്കാർക്കെതിരേ, പൊതുമുതൽ കൊള്ളയടിക്കുന്നവർക്കെതിരേ, ശക്തമായ നിലപാടുകളെടുത്തു. കാടും മലകളും തോടുകളും താണ്ടി വി.എസ് സമരകേരളത്തിന്റെ ശബ്ദമായി മാറി. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ ആയിരങ്ങൾ ഒഴുകിയെത്തി.

'കണ്ണേ കരളേ വിഎസ്സേ...' എന്ന മുദ്രാവാക്യം മലയാളമണ്ണിന്റെ സമരാന്തരീക്ഷത്തിൽ മുഴങ്ങിനിന്നു.

മതികെട്ടാൻ ചോലയിലും മറയൂരിലും ചെങ്കുളത്തും മൂന്നാറിലും തുടങ്ങി കേരളത്തിൽ വിഎസ് ചെന്നെത്താത്ത സമരഭൂമികളില്ല. പോരാട്ടത്തിന്റെ മറ്റൊരു പേരായി വിഎസ് അച്യുതാനന്ദൻ മാറുകയായിരുന്നു.



വിഎസുമായി സംസാരിക്കാൻ ചില അവസരങ്ങൾ ലേഖകനും ലഭിച്ചിട്ടുണ്ട്. എഴുത്തുകാരോടും സാംസ്കാരിക പ്രവർത്തകരോടും എല്ലാക്കാലത്തും വിഎസ് അടുപ്പം സൂക്ഷിച്ചിരുന്നു. ഭരണപരിഷ്കാര കമ്മീഷന്റെ അധ്യക്ഷനായിരിക്കുന്ന കാലത്ത് സുഹൃത്തുക്കളായ സാംസ്കാരികപ്രവർത്തകർക്കൊപ്പം ലേഖകനും വിഎസിനെ കാണാൻ അദ്ദേഹത്തിന്റെ ഔദ്യോഗികവസതിയിൽ എത്തി. കഥകളും കവിതകളുമായി ഏറെനേരം അദ്ദേഹവുമായി സംസാരിച്ചത് ഇന്നലെന്നപോലെ മനസ്സിലുണ്ട്. ഞങ്ങൾക്കൊപ്പം ഉണ്ടായിരുന്ന കവി ജയചന്ദ്രൻ കടമ്പനാട് 'ആരൊരാളെൻ കുതിരയെ കെട്ടുവാൻ' എന്ന വയലാർ കവിത പാടുമ്പോൾ ആസ്വദിച്ചുകേട്ടിരുന്ന വിഎസിന്റെ മുഖം ഓർമ്മയിൽനിന്നു മാറില്ല.

അക്ഷരാർഥത്തിൽ അതു വിഎസിനെപ്പറ്റിയുള്ള വരികളാണ്. സമരപോരാട്ടങ്ങളിൽ വിഎസ് എന്ന പടക്കുതിരയെ കെട്ടുവാൻ ആർക്കും കഴിഞ്ഞില്ല.

കേരളചരിത്രം ചുവപ്പിച്ച ധീരരക്തസാക്ഷികളുറങ്ങുന്ന വലിയചുടുകാട് വിഎസിന്റെ ദേഹവും ഏറ്റുവാങ്ങുമ്പോൾ കേരളചരിത്രത്തിലെ സമരമുന്നേറ്റത്തിന്റെ ഉജ്ജ്വലഘട്ടത്തിനു തിരശ്ശീല വീഴുകയാണ്.

---

**കവിത** **സെയ്തലവി വിളയൂർ**

## മൂകസാക്ഷി

കാതങ്ങൾ കൂടെനടന്നയൊരാൾ
നിറകൂപത്തിന്നാഴിയിലേക്ക്
സ്വപ്നങ്ങളെ തനിച്ചാക്കിയൂളിയിടുമ്പോൾ
ജീവിതത്തിനും മരണത്തിനും മൂകസാക്ഷിയായ്
കുളക്കരയിലെയാ തേഞ്ഞുതീരാറായ
ഒറ്റച്ചെരുപ്പ് മാത്രം.

അമ്മയുടെ അന്ത്യകർമങ്ങൾ
ആരൊക്കെയോ ചെയ്തുതീർക്കുമ്പോൾ
കോട്ടും സ്യൂട്ടും കണ്ഠകൗപീനവുമിട്ട്
വിലപ്പെട്ട സർട്ടിഫിക്കറ്റുകളോടൊപ്പം
അയാൾ മൂകസാക്ഷിയാവുന്നു.

സ്വന്തമായതെല്ലാം നിമിഷനേരംകൊണ്ട്
കുത്തിയൊലിച്ചുപോകുമ്പോൾ
നിസ്സഹായതകളെയതിജയിക്കാൻ
മറുമരുന്ന് മൗനം മാത്രം.

ഉറ്റവരുടെ കൊലയാളിയെ
വെറുതെ വിട്ടെന്ന വിധിവരുമ്പോൾ
സന്തോഷാരവം മുഴങ്ങുന്ന കോടതിവളപ്പിൽ
മൂകസാക്ഷിയാവുന്നത് നിയമവും ഇരകളും.



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

# വി.എസിനു വിട നൽകി കേരളം

നേർമൊഴി



**വി.**എസിന്റെ വിയോഗവാർത്ത കേട്ടയുടനെ മുതിർന്ന ഒരു കമ്യൂണിസ്റ്റ് അനുഭാവി പറഞ്ഞത് കമ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെ ആശയവും ആവേശവും അവസാനിച്ചുവെന്നാണ്. സാധാരണക്കാരനായ ആ മനുഷ്യന്റെ വിലയിരുത്തൽ അക്ഷരാർഥത്തിൽ ശരിയാണ്. വി.എസ്. കറ തീർന്ന കമ്യൂണിസ്റ്റായിരുന്നു. അടിമുടി അദ്ദേഹം പോരാട്ടവീര്യമുള്ള കമ്യൂണിസ്റ്റായിരുന്നു. ഒമ്പതു പതിറ്റാണ്ടിലേറെ നീണ്ടുനിന്ന അനീതിക്കും ഉച്ചനീചത്വങ്ങൾക്കും ഫ്യൂഡലിസത്തിനും നവലിബറൽ സാമ്പത്തികനയങ്ങൾക്കുമെതിരെയുള്ള ഒറ്റയാൾപോരാട്ടത്തിനുശേഷം നൂറ്റിരണ്ടാം വയസ്സിലാണ് വി.എസ്. കടന്നുപോകുന്നത്. മുഖം നോക്കാതെയുള്ള പോരാട്ടമാണ് വി.എസിനെ ജനകീയനാക്കിയത്. പാർട്ടിക്കുള്ളിലുള്ള തിന്മകൾക്കെതിരേ പോരാടാനും ധൈര്യം കാണിച്ച നേതാവായിരുന്നു വി.എസ്.

വി.എസ്. ഒരു വ്യക്തി മാത്രമായിരുന്നില്ല, സാധാരണക്കാരുടെ വികാരം കൂടിയായിരുന്നു. 2019 ൽ പക്ഷാഘാതമുണ്ടായശേഷം പൊതുരംഗത്തു സജീവമാകാൻ കഴിയാതിരുന്നിട്ടും വി.എസിന്റെ വിയോഗവാർത്തയറിഞ്ഞ് പതിനായിരങ്ങളാണ് അന്ത്യാഞ്ജലി അർപ്പിക്കാൻ ആവേശത്തോടെ ഒഴുകിയെത്തിയത്. വി.എസ്. ഇതിഹാസനായകനായിരുന്നുവെന്നതിന്റെ സാക്ഷ്യമാണ് വിഎസിന്റെ ഭൗതികശരീരം അവസാനമായി കാണാൻ ഒഴുകിയെത്തിയ ജനസാഗരം. വി.എസ്. എന്നും അവർക്ക് കണ്ണായിരുന്നു, കരളായിരുന്നു. അവർ ഹൃദയം പൊട്ടി വിളിച്ച മുദ്രാവാക്യങ്ങളിൽനിന്ന് അതു വ്യക്തമായിരുന്നു.

വി.എസിനെ ഭാഗ്യവാനെന്നാണോ അദ്ഭുതപ്രതിഭാസമെന്നാണോ വിശേഷിപ്പിക്കേണ്ടത്? ഔദ്യോഗികവിദ്യാഭ്യാസത്തിന്റെ അകമ്പടിയും ആഡംബരവുമില്ലാത്ത ഒരാൾക്ക് പാർലമെന്ററി രാഷ്ട്രീയത്തിൽ ഉയർന്ന പദവികളിലെത്താനും സംഘടനാരാഷ്ട്രീയത്തിൽ കരുത്തനാകാനും ജനങ്ങളുടെ വീരനായകനാകാനും സാധിച്ചത് ആരെയും വിസ്മയിപ്പിക്കുന്ന കാര്യമാണ്. ദാരിദ്ര്യത്തിന്റെയും ജാതിവിവേചനത്തിന്റെയും ഇരയായിരുന്ന ഒരു ബാലൻ നീതിക്കുവേണ്ടിയുള്ള നിരന്തരമായ പോരാട്ടങ്ങളിലൂടെ ജനഹൃദയങ്ങളിൽ പ്രതിഷ്ഠയായി മാറിയത് അദ്ഭുതമെന്നല്ലാതെ മറ്റെന്താണ്?

പാർട്ടിയിലെ ഭിന്നതയ്ക്കും വിഭജനത്തിനും വിഎസ് കാരണക്കാരനായിരുന്നിട്ടുണ്ട്. ഔദ്യോഗികനേതൃത്വത്തോടു കലഹിച്ച വിഎസിനെ പാർട്ടി പലപ്പോഴും ശാസിക്കുകയും ശിക്ഷണനടപടികൾക്കു വിധേയനാക്കുകയും ചെയ്തിട്ടുണ്ട്. 2007 ൽ എ.സി.ബി. കരാറിനെ വിമർശിച്ചതിന്റെ പേരിൽ വിഎസ് പോളിറ്റ് ബ്യൂറോയുടെ ശാസനയ്ക്കു വിധേയനായി. അതേവർഷംതന്നെ അച്ചടക്കലംഘനത്തിന്റെ പേരിൽ വി.എസിനെ പോളിറ്റ് ബ്യൂറോയിൽനിന്ന് സസ്പെൻഡ് ചെയ്തു. രണ്ടുവർഷത്തിനുശേഷം പാർട്ടിസെക്രട്ടറി പിണറായി വിജയനുമായുണ്ടായ ഏറ്റുമുട്ടലുകൾക്കുശേഷം വി.എസിനെ പിബിയിൽ നിന്നു പുറത്താക്കി. വെട്ടിനിരത്തലിലൂടെ ജനശ്രദ്ധനേടിയ വിഎസിനെ പാർട്ടിതന്നെ വെട്ടിനിരത്തി മൂലയ്ക്കിരുത്തിയിട്ടും അദ്ദേഹം തളർന്നില്ല. ജനങ്ങൾ അദ്ദേഹത്തെ എടുത്തുയർത്തി. വി.എസിനെപ്പോലെ കേന്ദ്രകമ്മിറ്റിയിലും പി.ബി.യിലും ദീർഘകാലം അംഗമായിരുന്ന മറ്റൊരു കമ്യൂണിസ്റ്റുകാരനുണ്ടായിട്ടില്ല. പാർലമെന്ററി രാഷ്ട്രീയത്തിലും വി.എസിന് വിജയം വരിക്കാനായി. മുഖ്യമന്ത്രിയായിരിക്കാൻ അഞ്ചുവർഷം മാത്രമാണു ലഭിച്ചതെങ്കിലും ഏറ്റവും കൂടുതൽകാലം, പതിന്നാലുവർഷം പ്രതിപക്ഷനേതാവാകാൻ വി.എസിനു ഭാഗ്യം ലഭിച്ചു. വി.എസിന് ഏറ്റവും ഇണങ്ങിയ വേഷം പ്രതിപക്ഷനേതാവിന്റേതാണെന്നു ജനം കരുതുന്നത് അദ്ദേഹത്തിന്റെ പോരാട്ടവീര്യംകൊണ്ടായിരിക്കണം. ഭരണത്തലവനായിരിക്കുമ്പോഴും അദ്ദേഹം തിന്മകൾക്കെതിരെയും പാർട്ടിക്കുള്ളിലെ കൊള്ളരുതായ്മകൾക്കെതിരെയും പോരാടി പ്രതിപക്ഷനേതാവിനെപ്പോലെ വർത്തിച്ചിരുന്നു.

കമ്യൂണിസ്റ്റുപ്രത്യയശാസ്ത്രം അരച്ചുകലക്കിക്കുടിച്ച് ഉന്മത്തനായ കമ്യൂണിസ്റ്റുകാരനായിരുന്നു വി.എസ്. എന്നു കരുതുന്നവർ കുറവാണ്. അദ്ദേഹത്തിന്റെ കമ്യൂണിസ്റ്റുദർശനം പുസ്തകങ്ങളിലെ കമ്യൂണിസ്റ്റുസിദ്ധാന്തങ്ങളിൽനിന്നും രൂപപ്പെട്ടതായിരുന്നില്ല. പകരം, ജീവിതാനുഭവങ്ങളിൽനിന്നു വികസിപ്പിച്ചെടുത്തതായിരുന്നു. പാവപ്പെട്ടവരുടെയും നീതി നിഷേധിക്കപ്പെട്ടവരുടെയും പക്ഷം പിടിക്കുന്നതാണ് കമ്യൂണിസം എന്ന ബോധ്യമാണ് പോരാട്ടനായകനായി വിഎസിനെ മാറ്റിയത്. പരിപ്പുവടയിൽനിന്നും കട്ടൻകാപ്പിയിൽനിന്നും കമ്മ്യൂണിസ്റ്റുപ്രസ്ഥാനം മാറിയപ്പോഴും വി.എസ്. പഴയ കമ്യൂണിസ്റ്റുകാരനായി തുടർന്നു. അഴിമതിയുടെ കറപുരളാത്ത കമ്മ്യൂണിസ്റ്റുകാരൻ എന്നതാണ് വി.എസിന്റെ യഥാർത്ഥ മേൽവിലാസം. ജനം വിഎസിനെ വിശ്വസിച്ചത് ഇക്കാരണത്താലാണ്.

വി.എസിനെ ജനകീയനാക്കിയതും ജനനായകനാക്കിയതും അദ്ദേഹത്തിന്റെ സാമൂഹികഇടപെടലുകളാണ്. 1964 മുതൽ കേന്ദ്രകമ്മിറ്റി അംഗമായതോ മൂന്നുതവണ പാർട്ടി സെക്രട്ടറിയായതോ 1985 മുതൽ പിബി അംഗമായതോ അല്ല; അഞ്ചുവർഷക്കാലം ജയിൽവാസം അനുഭവിച്ചതുമല്ല; പകരം അദ്ദേഹം സ്വീകരിച്ച പ്രകൃതി സംരക്ഷണനിലപാടുകളും സ്ത്രീപക്ഷ നിലപാടുകളും ഭൂമികൈയേറ്റക്കാർക്കും പ്രകൃതിചൂഷകർക്കുമെതിരേ സ്വീകരിച്ച കർശനമായ നടപടികളുമായിരുന്നു. ശരി വി.എസിന്റെ പക്ഷത്താണെന്ന് ജനങ്ങളെക്കൊണ്ട് അംഗീകരിപ്പിക്കാൻ നീട്ടിയും കുറുക്കിയുമുള്ള വി.എസിന്റെ പ്രസംഗങ്ങൾക്കു സാധിച്ചു.

■

---

മിനിക്കഥ

രാഗേഷ് മോഹൻ കുറിച്ചിത്താനം

## പോസ്റ്റ്മാൻ

**ഇ**ന്ന് ഞാനിവിടത്തെ പോസ്റ്റ്മാനാണ്, ധൈര്യമായി കൊടുക്കാൻ ധാരാളം കത്തുകൾ കൈയിലുണ്ട്.

അന്ന് കത്തു കൊടുക്കാൻ ഭയമായിരുന്നു.

കൃഷിയിറക്കാത്ത, വിണ്ടുകീറിയ പാടം കടന്ന്, ഉണങ്ങിയ കരിയില വീണു നിറഞ്ഞ, മുകളിലെ പറമ്പിലേക്ക്, കുത്തുകൽപ്പടി കയറിയെത്തിയപ്പോൾ, ഒരു മഴ കിട്ടാൻ കൊതിച്ച് പെരിയിലവും പാണലും കാശാവും ചാഞ്ചാടി നിൽക്കുന്നു.

എല്ലുകൾ മാത്രമുള്ള മരങ്ങളുടെ നേർത്ത തണലിലൂടെ പതുക്കെ നടന്നു. പറമ്പിന്റെ അതിരിലെ മുളങ്കാട് ഓർമ്മയുടെ കാറ്റിൽ ആടുന്നു!

കരിയിലക്കൂട്ടത്തിൽ ചവിട്ടിനടന്ന്, പറമ്പു കടന്ന്, കുന്നിൻമുകളിലെ കുഞ്ഞുവീട്ടിലെത്തണം.

വെട്ടുകൽപ്പടവുകൾ കയറി വീട്ടിലേക്കുള്ള നടപ്പുവഴിയിൽ ഉണങ്ങിയ പായൽച്ചുരുൾ, ഇരുവശങ്ങളിലെയും വേലിപ്പൂക്കൾ നിർത്താതെ കുടുകുടെ ചിരിക്കുന്നു.

ഭൂമി തരംമാറ്റിക്കിട്ടിയതിന്റെ അറിയിപ്പ്, തുറക്കാത്ത, ദ്രവിച്ച വാതിൽപ്പലകയ്ക്കിടയിൽ തിരുകി, ഞാൻ തിരിച്ചു നടന്നു.

വാടിയ ഇലഞ്ഞിപ്പൂക്കൾ വീണ് മറഞ്ഞ മൺവഴിച്ചാലിൽ, എന്റെ ഓർമ്മകൾക്കൊപ്പം, അവളുടെ പൊട്ടിയ പാദസരത്തുണ്ടും മണ്ണിൽ പുതഞ്ഞുകിടപ്പുണ്ടായിരുന്നു.

മണ്ണു കുടഞ്ഞെടുത്ത്, ആ കൊലുസിലെ ചെറിയ മണികൾ കിലുങ്ങുന്നുണ്ടോ എന്ന് വെറുതെ നോക്കി...!



അപ്പോൾ, ആ കത്തുന്ന വേനലിൽ, ആകാശത്തിന്റെ ആഴങ്ങളിൽ നിന്നും, മഴയായി പൊഴിയാനാകാതെ, ഒരു കാർമേഘത്തുണ്ട് ഭൂമിയിലേക്ക് അടർന്നു വീണു!

---

കവിത

സുലോചന രാജൻ

## സങ്കടം

മുല്ലമൊട്ടുകൾ വിരിച്ച എന്റെ സ്വന്ത പാതയിൽ
മുള്ളുകൾ വിരിച്ചിടുന്നതെന്തിനാണു നീ സദാ.

കണ്ണുനീരിൻ തുള്ളിപോൽ തെളിഞ്ഞൊരെന്റെ മാനസം
കണ്ണുനീർക്കയത്തിലാക്കിടുന്നതെന്തിനാണു നീ.

നീ വിരിച്ചിടുന്ന കൂർത്ത മുള്ളുകൾ പെറുക്കി ഞാൻ
കൂരിരുട്ടിലേക്കു തള്ളിവിട്ടിടുന്നു നിത്യവും.

കൂടെ നീ വരേണ്ടതില്ല കൂട്ടിനായൊരിക്കലും
കൂടെയെന്നുമുണ്ടെനിക്ക് നല്ല നല്ല ചിന്തകൾ.

സങ്കടങ്ങൾ ഒന്നോടൊന്നു കോർത്തുകോർത്തു നീ സദാ
സഞ്ചരിച്ചിടേണ്ട എന്റെ കൂടെ നീ ഒരിക്കലും.

നന്മയെന്ന പൂമരങ്ങൾ നട്ടു നട്ടു ഞാനിതാ
നല്ല മാർഗമെത്തിടാൻ ശ്രമിച്ചിടുന്നു നിത്യവും.

എത്തിയെത്തി ഞാൻ പിടിച്ചു കേറിടാൻ ശ്രമിച്ചിടും
ഹർഷമെന്റെ ജീവിതത്തിലെത്തിടുന്ന നാളിനായ്.

ഒട്ടുമെന്നെ നീ തകർക്കുവാൻ ശ്രമിച്ചിടേണ്ടിനി
ഒപ്പമുണ്ടെനിക്കു സ്നേഹസാന്ത്വനം തരുന്നൊരാൾ.



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും 13

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

**ദി**വസങ്ങൾ കടന്നുപോയെങ്കിലും പിങ്ക്ളാങ്കിയുടെ മ്ലാനത തുടർന്നു. അമ്മയും പപ്പയും ക്രിസ്മസ് അവധിക്ക് അവനെ ആ പള്ളിയിൽ കൊണ്ടുപോകാമെന്ന് ആവർത്തിച്ചുപറഞ്ഞെങ്കിലും അത്രയുംനാൾ കാത്തിരിക്കാൻ ഐവാനു ക്ഷമയില്ലായിരുന്നു.

എങ്ങനെയെങ്കിലും വയനാട്ടിൽ എത്തണം. അമ്പലവയൽ എന്നാണ് ടി വി യിൽ കേട്ടത്. പക്ഷേ, അവിടെ എങ്ങനെ എത്തുമെന്ന് അറിയില്ല. അന്നു രാവിലെ സ്കൂൾബസ്സിൽ പ്രസാദ്ചേട്ടൻ ഇരുന്ന സീറ്റിൽ ഐവാനും ഇരുന്നു.

"ചേട്ടാ, ഈ അമ്പലവയൽ ഇവിടെനിന്നും എത്ര ദൂരമുണ്ട്?"

"അമ്പലവയൽ എവിടെയാണ്? അമ്പലമുകൾ എന്നു കേട്ടിട്ടുണ്ട്, ഇത് അറിയില്ല."

"വയനാട്ടിൽ."

"എന്തിനാ ഇപ്പോൾ ഇതറിഞ്ഞിട്ട്."

"അതു ഞാൻ പറയാം, ചേട്ടൻ അവിടെ എങ്ങനെ പോകുമെന്നു പറയൂ."

"നാളെ മതിയെങ്കിൽ, ഞാൻ വീട്ടിൽ പോയിട്ട്, കമ്പ്യൂട്ടറിൽ ഗൂഗിൾമാപ്പു നോക്കി പറയാം."

"എന്തിനാണെന്നു നീ പറഞ്ഞില്ല."

ചുറ്റും നോക്കി, ആരും കേൾക്കുന്നില്ലെന്ന് ഉറപ്പുവരുത്തിയിട്ടു ശബ്ദം താഴ്ത്തി പറഞ്ഞു:

"അവിടെ ഒരു പള്ളിയുണ്ട്, എന്റെ ഫ്രണ്ട്സ് മാലാഖമാർ ഇപ്പോൾ അവിടെയാണ്."

"നിന്റെ തലയിലെ പിരി വല്ലതും ഊരിപ്പോയോ, അന്നു പനി പിടിച്ചപ്പോൾ?"

മാലാഖമാരെ ഇച്ചായന്മാർ വീട്ടിൽ കൊണ്ടുവച്ചതു മുതൽ നടന്ന സംഭവങ്ങൾ എല്ലാമവൻ പറഞ്ഞുകേൾപ്പിച്ചു. തീരെ വിശ്വാസമില്ലാത്തപോലെ പ്രസാദ് ഐവാനെ നോക്കി.

"എടാ ഇതെല്ലം നിനക്കു തോന്നിയതാണ്."

"എന്നെ ഒന്നു വിശ്വസിക്കൂ ചേട്ടാ, വലിയ അവധി മുതൽ പള്ളിയിലേക്കു പോകുന്നതിന്റെ ഒരു ദിവസം മുമ്പുവരെ ഞങ്ങൾ സംസാരിച്ചു. ചേട്ടനു വിശ്വാസമില്ലെങ്കിൽ പിപ്പിനോടു ചോദിച്ചോ, അവനും കണ്ടിട്ടുണ്ട്."

"ആരാ ഈ പിപ്പിൻ, നിന്റെ ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയാണോ?"

"അല്ല, എന്റെ പെറ്റ്, ഡോഗ് ആണ്."

"എന്റെ ഐവാനേ നിനക്ക് എന്തോ കുഴപ്പമുണ്ട്, സത്യം, നീ ഒരു സൈക്കോളജസ്റ്റിനെ കാണണം."

"ഈ ചേട്ടൻ എന്റെ ഫ്രണ്ടാണെന്നോർത്താണ് ഞാൻ ഇതൊക്കെ പറഞ്ഞത്. ഇനി ഞാൻ ചേട്ടനോട് ഒന്നും പറയില്ല... കൂട്ടുമില്ല."



ഇതും പറഞ്ഞ് ഐവാൻ മുമ്പിലെ ഒഴിഞ്ഞ സീറ്റിലിലേക്കു മാറിയിരുന്നു.

പ്രസാദ് എഴുന്നേറ്റ് അവനെ കുറച്ചു തള്ളിമാറ്റിയിട്ട് അവന്റെ അടുത്തിരുന്നു.

"അങ്ങനെ പിണങ്ങാതെ എന്റെ പിങ്ക്ളാങ്കി."

"ങേ, ആ പേര് എങ്ങനെ അറിയാം."

കുറച്ചുദിവസം മുമ്പേ, നിന്റെ കൂട്ടുകാരൻ വിളിക്കുന്നതു കേട്ടു, നീ കെറുവിക്കാതെ. നാളെ ഞാൻ അമ്പലവയൽ എവിടെയാണെന്നു കണ്ടുപിടിച്ചിട്ടു വരാം, ഓക്കേ?"

"ഓക്കെ."

ഇതിനോടകം സ്കൂളെത്തി. രണ്ടുപേരും കൈകൊടുത്തു പിരിഞ്ഞു.

വൈകുന്നേരം പ്രസാദ്ചേട്ടനെ കണ്ടില്ല. ചില ദിവസങ്ങളിൽ ചേട്ടനു ട്യൂഷൻ ഉണ്ട്. ആ ദിവസങ്ങൾ ചേട്ടൻ വേറെ ബസ്സിലാണു വരുന്നത്.

വീട്ടിൽ എത്തിയപ്പോൾ മനസ്സിൽ ചെറിയ സന്തോഷം തോന്നി. നാളെ സ്ഥലം ഗൂഗിൾ ചെയ്തു പറയാം എന്നാണു ചേട്ടൻ പറഞ്ഞത്.

"അമ്മയുടെ ഫോണിൽ നോക്കാം, പക്ഷേ, ഫോൺ കളിക്കാൻ അമ്മ തരില്ല. പൊന്നുച്ചേച്ചി പോയതോടെ, ഫോൺ വിളിക്കാനല്ലാതെ അമ്മ അതു തരില്ല."

പിങ്ക്ളാങ്കിയുടെ ഭാവമാറ്റം, അമ്മയ്ക്കും മനസ്സിലായി.

"എന്താ പതിവില്ലാത്ത ഒരു ഉത്സാഹം?"

"ഒന്നുമില്ല, ചുമ്മാ..."

"എന്തെങ്കിലും കുരുത്തക്കേട് ഒപ്പിക്കാനാണോ?"

"ഹേയ് അതൊന്നുമില്ല."

പുസ്തകം തുറക്കാനും പഠിക്കാനും തോന്നിയില്ല, മുഴുവൻ സമയം പിപ്പിനുമായി കളിയായിരുന്നു.

വൈകുന്നേരം കുളിക്കാൻ അമ്മ വിളിച്ചപ്പോഴാണ് കളി നിർത്തിയത്.

എന്തിനാണ് അമ്പലവയൽ പോകുന്ന വഴി ചോദിച്ചത് എന്നറിയില്ല, തനിയെ പോകാൻ സാധിക്കില്ല, എന്നാലും വെറുതെ ഒന്ന് അറിഞ്ഞുവയ്ക്കാം.

എന്താണെങ്കിലും ക്രിസ്മസ് അവധിക്കു കൊണ്ടുപോകാമെന്നു പറഞ്ഞല്ലോ? അപ്പോഴേക്കും ചേച്ചിയും ചേട്ടനും വരും. ഉണ്ണിച്ചേട്ടൻ താൻ ചോദിച്ചാൽ സമ്മതിക്കും.

ചേട്ടൻ തന്നെ വിളിക്കുന്നതുപോലും, പിങ്ക്ളാങ്കിച്ചേട്ടന്റെ മുത്തുക്കുട്ടാ എന്നാണ്.

പെട്ടെന്നു ചേട്ടനോടു സംസാരിക്കാൻ തോന്നി.

അമ്മയുടെ കൈയിൽനിന്നും ഫോൺ വാങ്ങി ചേട്ടനെ വിളിച്ചു.

"ഇതാരാ ചേട്ടന്റെ മുത്തുക്കുട്ടനാണോ? എന്താ മോനേ വിശേഷം?"

ചേട്ടന്റെ ശബ്ദം കേട്ടപ്പോൾ പിങ്ക്ളാങ്കിക്കു സങ്കടം വന്നു.

"ചേട്ടനെ ഞാൻ മിസ്സ് ചെയ്തു."

'ഇനി കുറച്ചുനാൾ അല്ലേ ഒള്ളൂ, ഞങ്ങൾ ക്രിസ്മസിനു വരും."

""ചേട്ടൻ വരുമ്പോൾ എന്നെ പുറത്തുകൊണ്ടുപോകണം, പിന്നെ ഒരു സ്ഥലത്തും കൊണ്ടുപോകണം."

"ഏതു സ്ഥലം? വീഗാലാൻഡാണോ?"

"അല്ല, വേറൊരു സ്ഥലം. പിന്നെ നമുക്ക് പുൽക്കൂടും ഉണ്ടാക്കണം."

"അതു പിന്നെ ചോദിക്കാനുണ്ടോ? നമ്മൾ ക്രിസ്മസ് ഗംഭീരമാക്കും."

രാത്രിയിൽ കിടന്നിട്ടു സന്തോഷംകൊണ്ട് ഉറക്കം വന്നില്ല. ഉണ്ണിച്ചേട്ടൻ തന്നെ ഉറപ്പായിട്ടും അമ്പലവയലിൽ കൊണ്ടുപോകും.

രാവിലെ പതിവിലും കൂടുതൽ സന്തോഷത്തോടെയാണ്, സ്കൂളിൽ പോകാൻ ഇറങ്ങിയത്. ബസ്സിൽ പ്രസാദ്ചേട്ടൻ ഐവാനായിട്ടു കാത്തിരുന്നപോലെ തോന്നി.

ശബ്ദം താഴ്ത്തി ചേട്ടൻ പറഞ്ഞു: "ഈ അമ്പലവയൽ കുറച്ചു ദൂരെയാണ്, ആദ്യം കോട്ടയത്ത് എത്തണം, അവിടെനിന്നു വയനാട്ടിൽ, സുൽത്താൻ ബത്തേരി എന്ന സ്ഥലത്ത് എത്തണം, അവിടെനിന്ന്, ഓട്ടോ അല്ലെങ്കിൽ ടാക്സിയിൽ അമ്പലവയൽ, ഒരു ദിവസത്തെ യാത്രയുണ്ട്."

"ഇത്രയും ദൂരമുണ്ടോ?"

"പിന്നെ, ഒരുപാട് ദൂരമുണ്ട് എന്താ നിനക്കു പോകണോ?"

"ഞാൻ എങ്ങനെ പോകാനാ, എനിക്കു കോട്ടയത്തുപോലും തന്നെ പോകാൻ അറിയില്ല."

"എളുപ്പവഴി സ്വന്തം കാറിൽ പോകുന്നതാ, അല്ലെങ്കിൽ ടാക്സിയിൽ."

"അതൊന്നും നടക്കില്ല, എന്റെ ചേട്ടൻ ക്രിസ്മസിനു വരുമ്പോൾ എന്നെ കൊണ്ടുപോകും."

"ചേട്ടൻ എവിടെയാണ്?"

"ചേട്ടൻ മൈസൂരിൽ കോളജിൽ പഠിപ്പിക്കുകയാണ്. ചേട്ടന്റെ ഭാര്യ, ചേച്ചി കമ്പ്യൂട്ടർ എഞ്ചിനീയർ ആണ്."

"ഐവാൻ മാലാഖമാരെ കാണാൻ പോകുമ്പോൾ എന്നെ കൊണ്ടുപോകുമോ?"

"വീട്ടിൽ ചോദിച്ചിട്ടു പറയാം."

"നിന്റെ മാലാഖമാരുടെ കഥ കേട്ടിട്ട് എനിക്കും അവരെ കാണാൻ തോന്നുന്നു."

"ചേട്ടനും അപ്പോൾ ഞങ്ങളുടെ കൂടെപ്പോര്, വീട്ടിൽ ആരും ഒന്നും പറയില്ല, അവരു സമ്മതിക്കും, ചേട്ടന്റെ വീട്ടിൽ സമ്മതിക്കുമോ?"

"അറിയില്ല, സമ്മതിപ്പിക്കണം."

പ്രസാദ്, പിങ്ക്ളാങ്കിയുടെ തലയിൽ തൊട്ടു പറഞ്ഞു.

"നീ ഒരു നല്ല കൊച്ചാണ്, നീയും, ഒരു മാലാഖയാണ്."

ആ പറഞ്ഞത് അവന് ഒരുപാട് ഇഷ്ടമായി. ചേട്ടനോട് ഒന്നുകൂടെ അവൻ ചേർന്നിരുന്നു.

(തുടരും)

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

# കൈക്കാരനും കൈക്കാരിയും

**ക്രൈ**സ്തവദൈവാലയങ്ങളിൽ പ്രധാനപുരോഹിതനെ (വികാരിയെ), ഭരണപരവും പണപരവുമായ കാര്യങ്ങളിൽ സഹായിക്കുന്ന വ്യക്തിയാണ് കൈക്കാരൻ. കൈകാര്യകർത്താവ് എന്നു പറയാം. 'കയ്ക്കാരൻ' രൂപഭേദം മാത്രമാണ്. കൂടാതെ, ഭൃത്യൻ, കാര്യസ്ഥൻ, പ്രതിനിധി, തൊഴിലാളി, നന്നായി വേലയെടുക്കുന്നവൻ, കൈവേലക്കാരൻ, കൈയിൽ ധാരാളം പണമുള്ളവൻ, സ്ഥാനമാനങ്ങളുള്ളവൻ, ഒരു സ്ഥാപനത്തിന്റെ ട്രസ്റ്റി, ഭരണകർത്താവ്, മുസ്ലീം ദൈവാലയത്തിലെ ഭരണസമിതിയിലെ അംഗം, മുസ്ലീം ദൈവാലയത്തിലെ ഒരു ഉദ്യോഗസ്ഥൻ, ചതിയൻ, ശക്തൻ, സമർഥൻ, വയസ്സ് മൂത്തവൻ, വൃദ്ധൻ തുടങ്ങിയ വിവക്ഷിതങ്ങളും സന്ദർഭനിഷ്ഠമായി കൈക്കാരൻ എന്ന പദത്തിനുണ്ട്.* പൊതുവെ പുരുഷന്മാർ മാത്രമാണ് കൈക്കാരന്റെ ചുമതല വഹിച്ചിരുന്നത്. തന്മൂലം തത്തുല്യമായ സ്ത്രീലിംഗപദം ഇത്രയുംനാൾ സൃഷ്ടിക്കപ്പെട്ടില്ല.

അടുത്തകാലത്തായി സ്ത്രീകളും കൈക്കാരപദവിയിൽ വന്നുതുടങ്ങിയിട്ടുണ്ട്. അപ്പോൾ പുതിയ പദം ആവശ്യമായി വന്നു. മാധ്യമങ്ങൾ വളരെവേഗം നിർമ്മിച്ചെടുത്ത ഒരു സമസ്തപദമാണ് 'വനിതാകൈക്കാരൻ.' ഈ പ്രയോഗത്തിൽ ഒന്നിലധികം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ട്. വനിത സ്ത്രീലിംഗവാചിയും കൈക്കാരൻ പുല്ലിംഗശബ്ദവുമാണ്. ഇവ പരസ്പരം കൂട്ടിച്ചേർക്കാൻ പാടില്ല. വനിതാ(വനിത) സംസ്കൃതശബ്ദവും കൈക്കാരൻ മലയാളവുമാണെന്ന സവിശേഷത വേറെയും. കൈക്കാരൻ (കൈ + കാരൻ) എന്ന പുല്ലിംഗ പദത്തിന്റെ സ്ത്രീലിംഗരൂപം കൈക്കാരി (കൈ+കാരി) എന്നാണ്. 'വനിതാകൈക്കാരി' എന്നെഴുതുന്നതും അനാവശ്യമായ ആവർത്തനമാണ്. കൈക്കാരി വനിതയാണല്ലോ എന്നത്രേ അവിടത്തെ ന്യായം!

കാരൻ - കാരി പ്രയോഗങ്ങൾ ഇന്നത്തെ ഭാഷയിൽ സാധാരണമാണ്. കാരി വൈകല്പികമായി കാരത്തിയുമാകുന്നു (കൈക്കാരത്തി). കാരി രൂപങ്ങളിൽ 'ഇ' പ്രത്യയം; കാരത്തിയിൽ 'ത്തി' പ്രത്യയം. ജീവനക്കാരൻ - ജീവനക്കാരി, വീട്ടുകാരൻ–വീട്ടുകാരി, പണക്കാരൻ–പണക്കാരി, തയ്യൽക്കാരൻ - തയ്യൽക്കാരി, ജോലിക്കാരൻ - ജോലിക്കാരി, നാട്ടുകാരൻ - നാട്ടുകാരി എന്നിങ്ങനെ എത്രയോ ഉദാഹരണങ്ങൾ! ത്തി പ്രത്യയത്തിനുമുമ്പുള്ള വർണം താലവ്യമാണെങ്കിൽ 'ത്തി' 'ച്ചി'യാകും. അപ്പോൾ വ്യാകരണദൃഷ്ട്യാ വേലക്കാരിയും വേലക്കാരത്തിയും വേലക്കാരച്ചിയും ശരിയായ പദനിർമ്മിതികളാകുന്നു. (വേലക്കാരി - വേലക്കാരത്തി - വേലക്കാരച്ചി;

താലവ്യാദേശം - താലവ്യസ്വരങ്ങൾക്കുശേഷം (അ, ഇ, എ, ഐ) വരുന്ന ത വർഗം ദന്ത്യം (ത, ന, ത്ത, ന്ന, ന്ത) ചവർഗമായി മാറുന്ന പ്രവണതയാണ് താലവ്യാദേശം. പിടിത്തു → പിടിച്ചു.

* സുമംഗല, പച്ചമലയാളം നിഘണ്ടു, ഗ്രീൻബുക്സ്, തൃശൂർ, 2016, പുറം - 422.

** അച്യുതവാര്യർ, എസ്. പ്രൊഫ. ഭാഷാവ്യാകരണപഠനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011, പുറം - 122.

# ശത്രുക്കൾ ഉണ്ടാകുന്നത്



ഡോ. ആന്റണി ജോസ്



ജീവിതയാത്രയിൽ നമ്മുടെ സ്വൈരം കെടുത്തുന്ന ഒന്നാണ് ശത്രുക്കൾ. അവരെക്കുറിച്ചുള്ള ചിന്ത ഒരു തലവേദനയാണ്. ശത്രുക്കളുണ്ടാകാൻ പല കാരണങ്ങളുണ്ട്. നമ്മുടെ പെരുമാറ്റവും പ്രവൃത്തിയും ഒരാളെ നമുക്കെതിരാക്കാം. എന്നാൽ, ഇതൊന്നുമില്ലാതെ ഒരാൾ – അയാൾ നമ്മുടെ മിത്രമാകാം – അവിചാരിതമായി നമ്മോട് അകലം പാലിക്കുന്നു. സംസാരം ആവശ്യത്തിനു മാത്രം. അല്ലെങ്കിൽ ഇല്ലതന്നെ. കഴിവതും നമ്മെ ഒഴിവാക്കാനാണു ശ്രമം. ഇങ്ങനെ പെരുമാറിയാലോ?

ആലോചിച്ചുനോക്കുക. അനൗചിത്യം നിറഞ്ഞ ഒരു പെരുമാറ്റം എപ്പോഴെങ്കിലും സ്വന്തം ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ? എത്ര തലപുകഞ്ഞാലോചിച്ചിട്ടും 'ഇല്ല' എന്നു തന്നെയാണുത്തരമെങ്കിൽ, ഇനി ഒരു സാധ്യതയേയുള്ളൂ. അത് ഒരു മൂന്നാം കക്ഷിയുടെ ഇടപെടലാണ്.

മൂന്നാം കക്ഷി, നമുക്കും നമ്മുടെ സുഹൃത്തിനുമിടയിൽ രംഗപ്രവേശം ചെയ്ത മറ്റൊരാളാണ്. നമ്മുടെ സുഹൃത്തിന് അയാൾ ചില വിവരങ്ങൾ കൈമാറിയിരിക്കാം. സുഹൃത്തിനെക്കുറിച്ചു നാം നടത്തിയ ഒരു വിലയിരുത്തലിന്റെ, വിവരദാതാവാണിപ്പോൾ അയാൾ. ആ വിലയിരുത്തലിൽ അധിക്ഷേപം, താഴ്ത്തിക്കെട്ടൽ, അവിശ്വസ്തത തുടങ്ങിയ പ്രതിലോമഘടകങ്ങൾ, നമ്മളുടേതെന്ന മട്ടിൽ അടങ്ങിയിരിക്കുന്നെങ്കിലോ?

ഇതൊരു ബോധപൂർവമായ പ്രവൃത്തിയാണ്. ഉദ്ദേശം, പകൽപോലെ വ്യക്തം – തമ്മിൽ തെറ്റിക്കുക.

നാം നമ്മുടെ സുഹൃത്തിനേക്കാൾ കേമനാണ് എന്നൊരു ധ്വനി ചേർത്താൽ, കാര്യം വളരെയെളുപ്പമായി.

എന്നാൽ, കരുതിക്കൂട്ടിയല്ലാതെയും, മൂന്നാംകക്ഷികൾ വിനയുണ്ടാക്കാം. ഇവർ തനി വിടുവായന്മാരാണ്. തങ്ങളുടെ വാചാടോപങ്ങൾക്കിടയിൽ അറിയാതെ ഇത്തരം പൈശൂന്യം കടന്നുവരും. ഫലമോ? നാളുകളായുള്ള മൈത്രി അവസാനിക്കുന്നു.

മുൻവിധിയില്ലാത്ത, തുറവിയുള്ള ബന്ധങ്ങളിൽ ഇത്തരം വിള്ളലുകളുണ്ടാകുക അസാധാരണമാണ്. എല്ലാ ബന്ധങ്ങളും അപ്രകാരമാണെന്നു കരുതാനും വയ്യാ.

പെട്ടെന്നുള്ള അകൽച്ചകളെ അവധാനതയോടെ സമീപിക്കുകയാണു വേണ്ടത്. അതിൽ ഉണ്ടായേക്കാവുന്ന മൂന്നാം കക്ഷിയുടെ പങ്കിനെ ജാഗ്രതയോടെതന്നെ നോക്കിക്കാണണം. തുറന്ന സംസാരത്തിന് നാം തന്നെ മുന്നിട്ടിറങ്ങുക.

# കർക്കടകം എത്തി, ആരോഗ്യത്തെ സംരക്ഷിക്കാം



ഡോ. പൂജ. ടി അമൽ



ശരീരവും മനസ്സും ആത്മശുദ്ധിയോടെ സംരക്ഷിക്കേണ്ട കാലമാണ് കർക്കടകം. രോഗപ്രതിരോധശേഷി കുറയുകയും രോഗങ്ങൾ വർധിക്കുകയും ചെയ്യുന്ന മാസം കൂടി ആയതിനാൽ ആരോഗ്യസംരക്ഷണത്തിന് ഈ കാലയളവിൽ പ്രാധാന്യമുണ്ട്. പഞ്ചകർമചികിത്സകൾ നടത്താൻ ആഗ്രഹിക്കുന്നവർക്ക് ഏറെ അനുയോജ്യമായ സമയം കൂടിയാണ് കർക്കടകം.

**■ ഭക്ഷണകാര്യത്തിൽ ശ്രദ്ധ പുലർത്തണം**

എളുപ്പം ദഹിക്കുന്ന ഭക്ഷണങ്ങളാവണം കർക്കടകമാസത്തിൽ കഴിക്കേണ്ടത്. ആരോഗ്യസംരക്ഷണത്തിന് ഔഷധഗുണമുള്ള കർക്കടകക്കഞ്ഞി സേവിക്കുന്നത് ഏറ്റവും ഉത്തമമാണ്. സസ്യാഹാരങ്ങൾ കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തണം. മസാലയും എണ്ണയും കുറവുള്ള ആഹാരങ്ങളാകണം കഴിക്കേണ്ടത്. തിളിപ്പിച്ചാറ്റിയ വെള്ളം കുടിക്കുന്നതിനുപയോഗിക്കണം. ജലജന്യരോഗങ്ങൾ ഒഴിവാക്കുന്നതിനും ഇത് ഉപകരിക്കും. തുളസി, ചുക്ക്, ജീരകം എന്നിവ ചേർത്ത വെള്ളവും കുടിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ്.

**■ മാനസികാരോഗ്യവും പ്രധാനം**

കർക്കടകമാസത്തിൽ ശരീരത്തിന്റെ ആരോഗ്യംപോലെ തന്നെ മനസ്സിന്റെ ആരോഗ്യവും പ്രധാനമാണ്. യോഗ, വായന, സംഗീതം, ധ്യാനം എന്നിവ മാനസികാരോഗ്യത്തിനു പ്രധാനപങ്കു വഹിക്കുന്നതാണ്. കൃത്യസമയത്ത് ഉറക്കവും അനിവാര്യമാണ്.

**■ പഞ്ചകർമചികിത്സകൾ**

ശരീരശുദ്ധി ചികിത്സകളാണ് പഞ്ചകർമചികിത്സകളിലൂടെ ഉദ്ദേശിക്കുന്നത്. ശരീരത്തിന്റെ രോഗപ്രതിരോധശക്തിവർധിപ്പിക്കാൻ പഞ്ചകർമചികിത്സയിലൂടെ സാധിക്കും. വമനം, വിരേചനം, വസ്തി, നസ്യം, രക്തമോക്ഷം തുടങ്ങിയവാണ് പഞ്ചകർമചികിത്സയിൽ ഉൾപ്പെടുന്നത്.

*(ലേഖിക പാലാ മാർ സ്ലീവാ മെഡിസിറ്റിയിൽ ആയുർവേദവിഭാഗം, കൺസൾട്ടന്റാണ്)*

# ഈ പണിമുടക്കിൽ ക്ഷേമം കൈവരിച്ചതാര്?

*1–ാം പേജ് തുടർച്ച*

കേരള സെക്രട്ടേറിയറ്റിൽ പ്രവർത്തിക്കുന്ന കോഫി ഹൗസും കാന്റീനും സാധാരണ പണിമുടക്കുകാലങ്ങളിൽ പ്രവർത്തിച്ചിരുന്നതാണ്. എന്നാൽ, ഇക്കഴിഞ്ഞ പണിമുടക്കുദിവസം കാന്റീനും കോഫി ഹൗസും തുറക്കരുതെന്നു സമരക്കാർ നിർദേശം നൽകിയിരുന്നതുമൂലം ആക്രമണഭയത്താൽ ഇരുസ്ഥാപനങ്ങളും തുറന്നില്ല. കാട്ടാക്കട പ്ലാവൂർ സർക്കാർ ഹൈസ്കൂളിൽ പണിമുടക്കിൽ പങ്കെടുക്കാതെ ജോലിക്കെത്തിയ അധ്യാപകർ വീട്ടിൽനിന്നു കൊണ്ടുവന്ന മാവും സാമഗ്രികളും ഉപയോഗിച്ച് ഇലയപ്പവും കട്ടൻചായയും ഉണ്ടാക്കിയത് ചോദ്യം ചെയ്ത് സമരാനുകൂലികൾ പ്രതിഷേധിച്ചത് സംഘർഷത്തിനിടയായി. 45 ജീവനക്കാരിൽ ഭരണപക്ഷസംഘടനയിൽനിന്നുള്ളവർ ഉൾപ്പെടെ 24 പേർ സ്കൂളിലെത്തി. വർക്കല ഗവ. എച്ച്.എസ്.എസിലെ അധ്യാപകരായ അജീഷ് രാജ്, വിശ്വം എന്നിവർ പണിമുടക്കുദിവസം സ്കൂളിലെത്തിയത് സമരാനുകൂലികളായ അധ്യാപകരുമായി തർക്കത്തിടയാക്കി. ഈ അധ്യാപകർ സ്കൂൾസമയം കഴിഞ്ഞ് വീട്ടിലേക്കു മടങ്ങവേ വർക്കല റെയിൽവേസ്റ്റേഷനുമുമ്പിൽ വച്ച് സമരക്കാരാൽ ആക്രമിക്കപ്പെട്ടു.

ആറ്റിങ്ങൽ ഗവ. ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകൻ അനൂപിന് സമരക്കാരുടെ മർദനം ഏല്ക്കേണ്ടിവന്നു. അരുവിക്കര സർക്കാർ എൽ.പി.സ്കൂളിൽ പൂട്ടിയിട്ട അധ്യാപികമാരിൽ അടുത്തിടെ പ്രസവം കഴിഞ്ഞ അധ്യാപികയുമുണ്ടായിരുന്നു. മരുന്നുശാല ഗോഡൗണിലെ ജീവനക്കാരനെ വളഞ്ഞുവച്ച് ഭീഷണിപ്പെടുത്തുന്ന ദൃശ്യങ്ങളും കാണാനിടയായി. ചങ്ങനാശ്ശേരി പോസ്റ്റോഫീസിലെ പോസ്റ്റ്മാസ്റ്ററെ മർദിച്ചു. കണ്ണൂരിൽ അധ്യാപകരുടെ വാഹനത്തിന്റെ ടയറിലെ കാറ്റഴിച്ചുവിട്ടുകൊണ്ടായിരുന്നു നേതാക്കൾ സമരവീര്യം കാണിച്ചത്. കോഴിക്കോട്ട് മുക്കത്തെ കെ.പി.ആർ. മത്സ്യക്കടയിൽ കയറി മീനിന്റെമേൽ മണ്ണെണ്ണ ഒഴിക്കുമെന്നു ഭീഷണിപ്പെടുത്തുന്നതു കണ്ടു. മേൽസൂചിപ്പിച്ചതുപോലെയുള്ള സംഭവങ്ങളെക്കുറിച്ച് ഇടതുകൺവീനർ പറയുന്നത് പണിമുടക്കിനെതിരേ നിൽക്കുമ്പോഴുണ്ടാകുന്ന ചെറിയ പ്രതികരണങ്ങൾ മാത്രമാണിതെന്നാണ്.

മകന്റെ ശസ്ത്രക്രിയ കഴിഞ്ഞ് ആശുപത്രിയിൽനിന്നു വീട്ടിലേക്കു മടങ്ങിയ സി.പി.എം. രാമേശ്വരം ബ്രാഞ്ച് സെക്രട്ടറി പി. അനീഷിനെയും കുടുംബത്തെയും സമരക്കാർ തടഞ്ഞു. ഇതല്ല പാർട്ടി പഠിപ്പിച്ച സമരരീതി എന്നു പ്രഖ്യാപിച്ച് അനീഷ് റോഡിൽ കുത്തിയിരുന്നു പ്രതിഷേധിച്ചു. തൊഴിൽദാതാവിൽനിന്നല്ല; മറിച്ച് തൊഴിലാളിയൂണിയനു നേതൃത്വം നൽകുന്നതിന്റെ പേരിൽ പണിയെടുക്കാതെ ജീവിക്കുന്ന നേതാക്കളിൽനിന്നാണ് തൊഴിലാളികൾ ചൂഷണം നേരിടുന്നതെന്ന കാര്യമാണ് ഓരോ പണിമുടക്കുകാലത്തും വെളിപ്പെട്ടുകൊണ്ടിരിക്കുന്നത്.

കേരളം ഒഴികെയുള്ള ഏതെങ്കിലും സംസ്ഥാനത്തെ ജനങ്ങളുടെ ജീവിതത്തെ ഈ പണിമുടക്കു ബാധിച്ചോ? മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങളുടെ തൊഴിലെടുക്കാനുള്ള അവകാശങ്ങളെയോ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യത്തെയോ ബാധിച്ചോ? ഇവിടത്തെ വഴിയോരക്കച്ചവടക്കാരനെയും പച്ചക്കറിക്കച്ചവടക്കാരനെയും ലോട്ടറിക്കച്ചവടക്കാരനെയും മീൻകച്ചവടക്കാരനെയും ഓട്ടോത്തൊഴിലാളിയെയും അന്നത്തെ അപ്പത്തിനുവേണ്ടി വേല ചെയ്തു ജീവിക്കുന്ന സാധാരണക്കാരനെയുമാണ് പണിമുടക്കു ബാധിച്ചത്.

> **ഇവിടെ പണിമുടക്കിനോ സമരത്തിനോ ആരും എതിരല്ല. അവകാശങ്ങൾ നേടിയെടുക്കാൻ സമരം ചെയ്യേണ്ടിവരും. പക്ഷേ, സമരം നടത്തുന്നവർ ഒന്നു ചിന്തിക്കണം. സമരരീതികൾ കാലത്തിനനുസരിച്ചു മാറിയില്ലെങ്കിൽ നിങ്ങളുടെ നേതൃത്വം ഞങ്ങൾക്കു വേണ്ടായെന്ന് പൊതുസമൂഹം വിധിയെഴുതുന്ന കാലമുണ്ടാകും.**

ഒൻപതാം തീയതി ഹർത്താൽദിനത്തിൽ 25 വർഷം ഇന്ത്യയുടെ വ്യവസായസെക്രട്ടറിയായിരുന്ന കെ. മോഹൻദാസ് ഐ.എ.എസിന്റെ ഒരു വെളിപ്പെടുത്തൽ പുറത്തുവന്നിരിക്കുന്നു. ഏഷ്യയിലെ ഏറ്റവും വലിയ വിമാന അറ്റകുറ്റപ്പണി സ്ഥാപനങ്ങളിലൊന്ന് കേരളത്തിൽ സ്ഥാപിക്കാൻ ലോകോത്തര എയർ ക്രാഫ്റ്റ് എൻജിൻ നിർമാതാക്കളായ പാറ്റ് ആൻഡ് ഖിറ്റ്ന താത്പര്യം പ്രകടിപ്പിച്ച് രംഗത്തുവന്നിരുന്നു. വ്യവസായമന്ത്രിയായിരുന്ന സുശീലാഗോപാലൻ താത്പര്യം കാണിച്ചെങ്കിലും സി.പി.എം. നയം തടസ്സമായി. പാർട്ടിയുടെ കേന്ദ്രനേതൃത്വംവരെ ചർച്ച ചെയ്തുവെങ്കിലും ഫലമുണ്ടായില്ല. കേരളത്തിലെ കുറെ ചെറുപ്പക്കാർക്കു തൊഴിൽ ലഭിക്കാൻ ഉണ്ടാകുമായിരുന്ന നല്ലൊരവസരം നഷ്ടപ്പെടുത്തിയിട്ട് ചരിത്രപരമായ അബദ്ധം എന്നു പറയുന്നതുകൊണ്ട് കേരളത്തിന് എന്തു പ്രയോജനമെന്നാണ് ഇതിനായി മുൻകൈയെടുത്തു പ്രവർത്തിച്ച കെ.മോഹൻദാസിന്റെ ചോദ്യം. വ്യവസായികളെ കേരളത്തിലേക്കാകർഷിക്കാൻ മറ്റു സംസ്ഥാനങ്ങളിൽപ്പോലും പരസ്യം നടത്തുന്നവർ ഇവിടെ വന്ന മഹാസൗഭാഗ്യത്തെ തട്ടിത്തെറിപ്പിക്കുകയാണുണ്ടായത്.

ഇവിടെ പണിമുടക്കിനോ സമരത്തിനോ ആരും എതിരല്ല. അവകാശങ്ങൾ നേടിയെടുക്കാൻ സമരം ചെയ്യേണ്ടിവരും. പണിമുടക്കാനുള്ള അവകാശം ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് പ്രകാരമാണെങ്കിൽ ജോലി ചെയ്തു ജീവിക്കാനും സ്വതന്ത്രമായ ഇന്ത്യയിൽ എവിടെയും സഞ്ചരിക്കാനുള്ള അവകാശം ഭരണഘടന നൽകുന്ന ഉറപ്പാണ്. സമരം നടത്തുന്നവർ ഒന്നു ചിന്തിക്കണം. സമരരീതികൾ കാലത്തിനനുസരിച്ചു മാറിയില്ലെങ്കിൽ നിങ്ങളുടെ നേതൃത്വം ഞങ്ങൾക്കു വേണ്ടായെന്ന് പൊതുസമൂഹം വിധിയെഴുതുന്ന കാലമുണ്ടാകും. പണിമുടക്കിൽ പങ്കെടുക്കാത്തവർക്കെതിരെ യാതൊരു ദ്രോഹനടപടികളും ഉണ്ടാവില്ലായെന്നും ബസും മറ്റു വാഹനങ്ങളും യഥേഷ്ടം സഞ്ചരിക്കാമെന്നും സമരം ആഹ്വാനം ചെയ്യുന്നവർ അറിയിച്ചാൽ ഒരു പണിമുടക്കും ജനദ്രോഹമാകില്ല. ജനജീവിതം സ്തംഭിക്കില്ല. ഇപ്പോഴത്തെ ആവശ്യങ്ങൾ നേടിയെടുക്കാൻ ഇന്ത്യയിൽ നടത്തിയ 23 പൊതുപണിമുടക്കുകൾ കേരളത്തിൽ മാത്രം എന്തുകൊണ്ട് ഹർത്താലായി മാറുന്നു? ഇത്തരം ട്രേഡ്യൂണിയൻ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയനേതൃത്വം കേരളത്തിനാവശ്യമുണ്ടോ എന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല. ■

Deepanalam Weekly
RNI No : 16998/68
Vol. 58 No. 21 Date of Publication 24 July 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment



സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ
CASH for GOLD

നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.

ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.

KERALA'S NO.1 GOLD BUYER

FREE

അച്ചായൻസ് ഗോൾഡ് 916

പാലാ | ഉഴവൂർ | കരിങ്കുന്നം | വാഴക്കുളം
85900 46916 | 90723 88172

വിദേശ പഠനം/ജോലി, തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ*
BRANDED TROLLY BAG
സമ്മാനമായി നൽകുന്നു.
(4 Lakhs and above*)

കോട്ടയം | ഏറ്റുമാനൂർ | ചിങ്ങവനം | സംക്രാന്തി | കടുവാക്കുളം | ചങ്ങനാശ്ശേരി
എറണാകുളം | തൊടുപുഴ | ചേർത്തല | പേരൂർ | കടുത്തുരുത്തി | നീണ്ടൂർ

NRI ഇടപാടുകൾക്ക് പ്രത്യേക വിഭാഗം | DOOR STEP SERVICE AVAILABLE | CASH/BANK TRANSFER AVAILABLE *

# 2025 - 2026 ADMISSION STARTED



## PARAMEDICAL COURSES

DEGREE COURSES +2 passed students

- B.Sc. Medical Laboratory Technology (B.Sc. MLT)
- B.Sc. Radiography & Imaging Technology (B.Sc. RIT)
- B.Sc. Cardiovascular Technology (B.Sc . CVT)
- B.Sc. Anaesthesia Technology (B.Sc . AT)
- B.Sc. Operation Theatre Technology (B.Sc .OT)
- B.Sc. Dialysis Technology
- B.Sc. Neuro Science Technology
- B.Sc. CSSD

(UGC Approved University Programmes)

POST GRADUATE COURSES

- M.Sc. MLT
- M.Sc. Biochemistry
- M.Sc. Micro Biology
- MBA Hospital Administration

(UGC Approved University Programmes)

എല്ലാ കോഴ്സുകളിലേക്കും അഡ്മിഷൻ തുടരുന്നു

N.B. • ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം ലഭിക്കുന്നതാണ്. • കോളജിനോടനുബന്ധിച്ചുള്ള പ്ലേസ്മെന്റ് സെല്ലിൽനിന്നു പഠിച്ചു വിജയിച്ച് പ്രാക്ടിക്കലിനുശേഷം എല്ലാവർക്കും ജോലി ഏർപ്പെടുത്തി നല്കുന്നതാണ്. • 1972 മുതൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും പ്രമുഖ പാരാമെഡിക്കൽ പരിശീലന കോളജായ ഇവിടെ നിന്നും പഠിച്ച് രണ്ടുവർഷത്തെ പ്രവൃത്തിപരിചയം നേടിയതിനുശേഷം താത്പര്യമുള്ളവർക്ക് വിദേശജോലി ലഭിക്കുന്നതിനായി വേണ്ടതായ മാർഗത്തിലൂടെ നിർദേശം നൽകുന്നതാണ്. • 2025 – 26 വിദ്യാഭ്യാസവർഷത്തിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർഥികൾ രക്ഷിതാക്കൾക്കൊപ്പം നേരിട്ടു കോളജിൽ വന്ന് 500 രൂപാ ഓഫീസിൽ അടച്ച് പ്രോസ്പെക്ടസും അപേക്ഷാഫാറവും വാങ്ങി എത്രയുംവേഗം പൂരിപ്പിച്ചു നൽകേണ്ടതാണ്.

BHARAT GROUP OF INSTITUTIONS Since 1970

# BHARAT

EDUCATIONAL TRUST & COLLEGE OF ALLIED HEALTH SCIENCE
ANDOOR, PALA, KOTTAYAM (PALA - VAIKOM ROUTE)
Phone: 9447507858, 04822-250310, 8921712807

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org